KANDANAD
DIOCESAN
BULLETIN

A PUBLICATION OFTHE KANDANAD EAST DIOCESE OF THE MALANKARA ORTHODOX SYRIAN CHURCH

**Vol. 1 No. 11, 15 November 2013**

എഡിറ്റോറിയൽ

# ചൊവ്വാ ദൗത്യം

**2013** നവംബർ 5 ഇൻഡ്യൻ ബഹിരാകാശ ഗവേഷണചരിത്രത്തിലെ ഒരു സുപ്രധാനദിനമാണ്. അന്ന് ഉച്ചകഴിഞ്ഞ് 2.38 ന് ആണ് ഇന്ത്യയുടെ ആദ്യത്തെ ചൊവ്വാപര്യവേഷണ ഉപഗ്രഹമായ 'മംഗൾയാൻ' ശ്രീഹരിക്കോട്ടയിൽ നിന്ന് കുതിച്ചുയർന്നത്. പി.എസ്.എൽ.വി. റോക്കറ്റാണ് അതിനെ ഭ്രണപഥത്തിലെത്തിച്ചത്. ചൊവ്വാപര്യവേഷണത്തിലേർപ്പെടുന്ന ആദ്യത്തെ ഏഷ്യൻ രാജ്യം എന്ന പദവി ഇതുവഴി ഇന്ത്യ കരസ്ഥമാക്കിയിരിക്കുകയാണ്. ഈ പര്യവേഷണ ഉപഗ്രഹത്തിലെ ചുരുക്കം ചില ഇലക്ട്രോണിക് ഭാഗങ്ങൾ ഇറക്കുമതി ചെയ്യപ്പെട്ടവയാണെങ്കിലും മറ്റെല്ലാഭാഗങ്ങളുടെയും രൂപകല്പനയും നിർമ്മാണവുമെല്ലാം തികച്ചും തദ്ദേശീയമാണ്. ദൗത്യം വിജയിക്കുന്നപക്ഷം ബഹിരാകാശ ഗവേഷണ രംഗത്ത് ഇന്ത്യയുടെ ഖ്യാതിയും കുതിച്ചുയരും എന്നത് തീർച്ചയാണ്. ഗ്രഹാന്തര യാത്രയ്ക്കുള്ള സമഗ്രമായ സാങ്കേതികവും പ്രായോഗികവുമായ വൈദഗ്ദ്ധ്യവും ഇതുവഴി ഇന്ത്യ പ്രകടമാക്കിയിരിക്കുന്നു. ഇത് ഈ മേഖലയിൽ ഇന്ത്യയ്ക്ക് വൻ വ്യാവസായിക സാധ്യതകൾ തുറന്നുതരും. സുരക്ഷിതമായ കൃത്രിമോപഗ്രഹ വിക്ഷേപണത്തിന്റെ കോൺട്രാക്റ്റിനായി ജർമ്മനി, കാനഡ, ഫ്രാൻസ്, ഇന്തോനേഷ്യ തുടങ്ങിയ രാജ്യങ്ങൾ ഇന്ത്യയെ സമീപിക്കാനുള്ള സാധ്യത മിക്കവാറും ഉറപ്പാണ്.

ഇന്ത്യയുടെ ബഹികാരാശ കമ്മീഷൻ ചൊവ്വാ ദൗത്യത്തിന് അനുമതി നൽകിയ ശേഷം വെറും 15 മാസക്കാലം കൊണ്ടാണ് ഉപഗ്രഹം വിക്ഷേപണത്തിന് തയ്യാറായതെന്നത് അഭിമാനകരമായ നേട്ടമാണ്. എന്തിനായിരുന്നു ഈ തിടുക്കം എന്നാരാഞ്ഞപ്പോൾ ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. കെ. രാധാകൃഷ്ണന്റെ മറുപടി ഇപ്രകാരമായിരുന്നു. "നാം ചൊവ്വാപര്യവേഷണത്തിന് ഒരുങ്ങുന്ന പക്ഷം ആ ഗ്രഹം ഭൂമിയോട് ഏറ്റവും അടുത്തുവരുന്ന സമയമാണ് അതിനായി തെരഞ്ഞെടുക്കേണ്ടത്. അത് ഈ കാലയളവാണ്. ഇപ്പോൾ അതിനു കഴിയാതെ വന്നാൽ വീണ്ടും 26 മാസങ്ങൾക്കുശേഷം 2016 ലേ അതിനു ശ്രമിക്കാനാവൂ. അതുകൊണ്ട് ഞങ്ങൾ വേഗത്തിൽ കാര്യങ്ങൾ നീക്കി." ചൊവ്വാപര്യവേഷണത്തിന്റെ പ്രസക്തിയെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ വിശദീകരണം ഇങ്ങനെയായിരുന്നു. "ഭൂമിയിൽ ജീവന്റെ ആവിർഭാവം കണ്ടെത്തുന്ന കാര്യത്തിൽ ചൊവ്വയെക്കുറിച്ചുള്ള പഠനം പ്രധാനമാണ്. ഭൂമിയുമായി പല സാദൃശ്യങ്ങളുമുള്ള ഗ്രഹമാണ് ചൊവ്വ. ജീവന്റെ ഉത്ഭവത്തെക്കുറിച്ച് എന്തെങ്കിലും സൂചന ഈ പര്യവേഷണം നിമിത്തം ലഭിക്കുന്ന പക്ഷം മനുഷ്യവിജ്ഞാനത്തിനുതന്നെ അതു വലിയൊരു മുതൽക്കൂട്ടായിരിക്കും. യുഗങ്ങളായി മനുഷ്യൻ നടത്തുന്ന അന്വേഷണത്തിന് മറുപടിയും. ഇന്ത്യ ഏറ്റെടുത്തിരിക്കുന്ന ഈ ദൗത്യം ചരിത്രപരമായ ഒരാവശ്യം കൂടിയാണ്. 'ചന്ദ്രയാൻ' ദൗത്യത്തിലൂടെ ചന്ദ്രനിലെ ജലസാന്നിധ്യം തെളിയിക്കാൻ സഹായിച്ചശേഷം നാം ഇന്ന് ചൊവ്വയിലെ ജീവസാന്നിദ്ധ്യ പരിശോധനയ്ക്കുള്ള പാതയിലാണ്. നമ്മെ സംബന്ധിച്ചിടത്തോളം ഇതൊരു വെല്ലുവിളിയാണ്. ഇവിടത്തെ ഇളം തലമുറ അതിൽ ആവേശംകൊണ്ടിരിക്കുകയാണ്. ആ രംഗത്തെ നേട്ടം അവരുടെ ആത്മാഭിമാനത്തെയും സാധ്യതകളെയും പ്രോജ്ജ്വലിപ്പിക്കും. അതുമായി തട്ടിച്ചുനോക്കുമ്പോൾ ഈ പര്യവേഷണത്തിന് വേണ്ടിവരുന്ന 450 കോടിരൂപ അധികമെന്നു പറഞ്ഞുകൂടാ."

നാലുനിലകളിലായി കത്തിവീണ റോക്കറ്റ് ഉപഗ്രഹത്തെ ഇപ്പോൾ ഭൂമിയുടെ ഭ്രമണപഥത്തിൽ എത്തിച്ചിരിക്കുന്നു. തുടർന്നുള്ള പത്തുദിവസങ്ങൾക്കുള്ളിൽ ഭ്രമണപഥം പടിപടിയായി ആറുപ്രാവശ്യം ഉയർത്തപ്പെടും. ഈ ദിവസങ്ങൾ നിർണ്ണായകമാണ്. എല്ലാം ശരിയാംവിധം മുമ്പോട്ടുപോയാൽ ഡിസംബർ 1-ാം തീയതി 12.42 a.m. ന് ഉപഗ്രഹം ഭൂമിയെ ചുറ്റിയുള്ള ഭ്രമണപഥം വിട്ട് ചൊവ്വയുടെ സമീപത്തേയ്ക്കുള്ള ദീർഘപ്രയാണം ആരംഭിക്കും. അപ്പോൾ അതിനു വേണ്ട ചലനനിർദ്ദേശങ്ങളെല്ലാം പേടകത്തിൽതന്നെ

## EDITORIAL BOARD

*President*
**H. G. Dr. Thomas Mar Athanasius**
Metropolitan

*Chief Editor*
**Fr. Abraham Karammel**

*Mg.Editor*
**Mr. P. J. Varghese**

*Associate Editors*
**Fr. Kochuparambil Geevarghese Ramban**
**Fr. Aby Ulahannan**

*Technical Adviser*
**Mr. George Paul**

*Members*
**Fr. Marydas Stephen**
**Fr. Alias Kuttiparichel**
**Fr. Shibu Kurian**
**Prof. Dr. M. P. Mathai**
**Mr. A. G. James**
**Mrs. Jiji Johnson**

www.kandanadeast.org


## ഉള്ളടക്കം


പേജ്

എഡിറ്റോറിയൽ
**ചൊവ്വാ ദൗത്യം......** .................................... 1

**സ്ത്രീസ്വത്വം: ക്രൈസ്തവ വേദശാസ്ത്ര കാഴ്ചപ്പാടിൽ – 3** .................................... 3
ഡോ. തോമസ് മാർ അത്താനാസ്യോസ്

**കുരിശ് ത്യാഗോജ്വല സ്നേഹം** ....................... 4
ഫാ. ഗീവർഗീസ് കെ. കുന്നംകുളം

**ഒരു മാതൃകാ ക്രിസ്ത്യാനി** .......................... 7
എം.ജി. ജോർജ്ജ് മുത്തൂറ്റ്

**നേത്രവരൾച്ചാരോഗം** (Dry Eye Syndrome).......... 9
എലിസബത്ത് ബിജോയ്

**ശീമോനും മറിയവും** ............................... 10
ഡോ. ചാണ്ടി പോൾ

**സമർപ്പിക്കൂ.. അംഗീകരിക്കൂ..** ................... 11
കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ

**സ്നേഹം പൂർണ്ണമല്ല** ............................... 12

**സ്നേഹാധിഷ്ഠിതമായ ജീവിതയാത്ര** ............ 13
ഫാ. അബി ഉലഹന്നാൻ

**'മൂശേ ആലോഹോ'** ....................................... 14
വി.പി.

**വാർത്തകൾ അറിയിപ്പുകൾ** .................. 15 – 16


ഉള്ളടക്കം ചെയ്തിരിക്കുകയാണ്. അതിൽ സംഭവിക്കാവുന്ന അതിസൂക്ഷ്മ അന്തരം പോലും ഉപഗ്രഹത്തിന്റെ ഗതിയെ വളരെ ദോഷകരമായി ബാധിക്കും. ഈ ഘട്ടത്തിൽ ഉൽക്കകളിൽ നിന്നും ജ്യോതിർഗോളങ്ങളുടെ ആകർഷണത്തിൽ നിന്നും അതിനെ സംരക്ഷിക്കേണ്ടതും വളരെ പ്രധാനമാണ്. 2014 സെപ്റ്റംബർ 24 ന് മംഗൾയാൻ ചൊവ്വയുടെ ഭ്രമണപഥത്തിൽ പ്രവേശിക്കും എന്നാണ് കണക്കുകൂട്ടിയിരിക്കുന്നത്. അതിനോടകം അത് 40 കോടിയിലധികം കിലോമീറ്റർ സഞ്ചരിച്ചിട്ടുമുണ്ടാകും. തുടർന്ന് ചൊവ്വയെ 372 കിലോമീറ്റർ അകലത്തിൽ അത് ചുറ്റിക്കൊണ്ടിരിക്കും. ആ സമയം അതിലെ ക്യാമറ ചൊവ്വാഗ്രഹത്തിന്റെ വർണ്ണച്ചിത്രങ്ങൾ പകർത്തിക്കൊണ്ടിരിക്കും. പേടകത്തിലെ മറ്റൊരുപകരണം ആ ചുവന്ന ഗ്രഹത്തെ പൊതിഞ്ഞ് മീഥെയ്ൻ (ബയോഗ്യാസിലെ മുഖ്യഘടകം) വാതകമുണ്ടോ എന്ന് മണത്തറിയുകയും ചെയ്യും. ആറു മാസമെങ്കിലും മംഗൾയാൻ ഇതേനിലയിൽ പര്യവേഷണം നടത്തിക്കൊണ്ടിരിക്കും എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ചൊവ്വാപര്യവേഷണ വിഷയത്തിൽ ഇന്ത്യ ചൈനയേയും ജപ്പാനേയും മുൻകടന്നിരിക്കുകയാണ്.

ഇന്ത്യയുടെ ചൊവ്വാപര്യവേഷണത്തിന്റെ പ്രധാന ലക്ഷ്യം അവിടത്തെ ജീവസാന്നിധ്യ പരിശോധനയാണ്. അണുജീവികളുടെ പോലും സാന്നിധ്യമോ മുൻസാന്നിധ്യമോ മനസ്സിലാക്കുന്നതിനുള്ള എളുപ്പമാർഗ്ഗം അവിടെ മീഥെയ്ൻ വാകതമുണ്ടോ എന്ന് കണ്ടെത്തുകയാണ്. കാരണം, മൃതശരീരങ്ങൾ അഴുകുമ്പോഴാണ് ഒരു കാർബൺ ആറ്റവും നാല് ഹൈഡ്രജൻ ആറ്റവും അടങ്ങുന്ന മീഥെയ്ൻ തന്മാത്രയുണ്ടാകുന്നത്. ഇതിന്റെ സാന്നിധ്യം ജീവസാന്നിധ്യത്തിന് തെളിവാണ്. അമേരിക്ക അയച്ച 'ക്യൂരിയോസിറ്റി' ഇപ്പോഴും ചൊവ്വയുടെ ഉപരിതലത്തിൽ ഇഴഞ്ഞുനടന്ന് പഠനം നടത്തുന്നുണ്ടെങ്കിലും ജീവസാന്നിധ്യം മനസ്സിലാക്കാൻ ഈ വഴി പ്രയോജനപ്പെടുത്തുന്നില്ല. ഇന്ത്യയുടെ മംഗൾയാനിന് 372 കിലോമീറ്റർ അകലെ ഭ്രമണം ചെയ്ത് മീഥെയ്ൻ മണത്തറിഞ്ഞ് ജീവസാന്നിധ്യം പ്രഖ്യാപിക്കുവാനായാൽ അതൊരു അത്ഭുതനേട്ടമായിരിക്കും.

മംഗൾയാൻ വിക്ഷേപണത്തിനു മുമ്പ് ഐ.എസ്.ആർ.ഒ. ചെയർമാൻ ഡോ. കെ രാധാകൃഷ്ണനും മുതിർന്ന മറ്റ് ഉദ്യോഗസ്ഥരും തിരുപ്പതി ക്ഷേത്രത്തിലെത്തി ദൗത്യവിജയത്തിനായി പ്രത്യേക പൂജയും പ്രാർത്ഥനയും നടത്തുകയുണ്ടായി. തിരുവനന്തപുരത്ത് പഴവങ്ങാടിയിലെ ഗണപതിക്ഷേത്രത്തിൽ ഫ്രണ്ട്സ് ഓഫ് ട്രിവാൻഡ്രം ജില്ലാകമ്മിറ്റിയുടെ നേതൃത്വത്തിൽ വഴിപാടുകൾ അർപ്പിച്ച് പ്രാർത്ഥിച്ചു. നമുക്കും ഈ ദൗത്യത്തിന്റെ പൂർണ്ണവിജയത്തിനായി പ്രാർത്ഥനാപൂർവ്വം കാത്തിരിക്കാം. പ്രപഞ്ചരഹസ്യങ്ങൾ കണ്ടെത്തുന്നതിൽ മനുഷ്യമസ്തിഷ്കത്തിന്റെ വിജയം കണ്ട് സർവ്വനിയന്താവ് സന്തോഷിക്കട്ടെ, രോമാഞ്ചമണിയട്ടെ!

മെത്രാപ്പോലീത്തായുടെ കത്ത്

# സ്ത്രീസ്വത്വം: ക്രൈസ്തവ വേദശാസ്ത്ര കാഴ്ചപ്പാടിൽ-3

സ്ത്രീസ്വത്വം സംബന്ധിച്ച ഒരു ക്രൈസ്തവവേദശാസ്ത്രരൂപരേഖ സൃഷ്ടിക്കുവാൻ യേശുവിന്റെ ഈ വിഷയവുമായി ബന്ധപ്പെട്ട വീക്ഷണങ്ങളും നിലപാടും നിർണ്ണായകമാണ്. കർത്താവിന്റെ വചനങ്ങൾ, പ്രവൃത്തികൾ, ഇടപെടലുകൾ എന്നിവയാകണം ഈ കാര്യത്തിൽ മാനദണ്ഡവും മാർഗ്ഗദർശനവും. അതുകൊണ്ട് പുതിയ നിയമത്തിലെ സുവിശേഷഗ്രന്ഥങ്ങളെ മാത്രമാണ് ഇതുസംബന്ധിച്ച പ്രാഥമിക-ആധികാരിക രേഖകൾ എന്ന നിലയിൽ അംഗീകരിക്കേണ്ടതായി വരിക. അടുത്തകാലത്ത് ഉപരി ഈജിപ്റ്റിൽ നിന്നും കണ്ടെടുത്ത നാഗ്ഹമ്മദി പുസ്തക സഞ്ചയത്തിലെ ഉത്തര കാനോനിക സുവിശേഷങ്ങളായ തോമസിന്റെ സുവിശേഷം, ഫിലിപ്പോസിന്റെ സുവിശേഷം തുടങ്ങിയവയും പരിഗണനയിൽ വരുന്നില്ല. ഇവയിൽ സ്ത്രീകളെപ്പറ്റിയുള്ള യേശുവിന്റെ പരാമർശങ്ങൾ ഉണ്ട് എന്നത് വാസ്തവമാണ്. എന്നാൽ വളരെ ശക്തമായ നോസ്റ്റിക് ഉപദേശ സ്വാധീനത്തിലും സൈദ്ധാന്തിക നിലപാടിലും രചിക്കപ്പെട്ടവയാണിവ. കൂടാതെ ഇവ എഴുതപ്പെട്ട കാലഘട്ടം ക്രിസ്തുവിനു ശേഷം 3-ാം നൂറ്റാണ്ടോടുകൂടി മാത്രവുമാണ്. അതുകൊണ്ട് യേശുവിന്റെ നിലപാടുകളെപ്പറ്റി അവയിൽ അന്വേഷണം നടത്തുന്നതിൽ വലിയ അർത്ഥമില്ല. ആ സാഹചര്യത്തിൽ പുതിയ നിയമത്തിലെ നാല് കാനോനിക സുവിശേഷങ്ങൾ മാത്രമാണ് യേശുവിന്റെ സ്ത്രീവീക്ഷണം സംബന്ധിച്ച പഠനത്തിന് ഉപയോഗപ്പെടുത്താവുന്ന രേഖകൾ എന്ന നിഗമനത്തിൽ എത്തിച്ചേരുന്നു.

സുവിശേഷങ്ങൾ പുതിയനിയമത്തിലെ ഇതര രചനകളിൽ നിന്ന് വ്യത്യസ്തമാണ്. പൗലോസിന്റെയും മറ്റ് പുതിയ നിയമ എഴുത്തുകാരുടെയും ലേഖനങ്ങൾ വ്യക്തിപരമായി അവർതന്നെ രചിച്ചവയാണ്. അതുകൊണ്ട് ഏതെങ്കിലും വിഷയം സംബന്ധിച്ച് ഒരു എഴുത്തുകാരന്റെ ധാരണ കണ്ടെത്തുക എന്നത് അത്ര സങ്കീർണ്ണമായ കാര്യമല്ല. എന്നാൽ സുവിശേഷങ്ങൾ ഒന്നും യേശു എഴുതിയതല്ലല്ലോ. അവ കർത്താവിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച നാളാഗമങ്ങളുടെ അടിസ്ഥാനത്തിൽ രചിക്കപ്പെട്ടവയുമല്ല. കർത്താവിന്റെ പരസ്യശുശ്രൂഷാകാലം കഴിഞ്ഞ് വർഷങ്ങൾക്കുശേഷമാണ് അവയ്ക്ക് രൂപഭദ്രത വന്നത്. അതായത് സുവിശേഷങ്ങളിൽ കാണുന്ന സംഭവങ്ങൾ, പ്രഭാഷണങ്ങൾ ഇവയെല്ലാം ക്രൈസ്തവ ആരാധനാസമൂഹങ്ങളിൽ ഏറെ കാലം കൊണ്ട് രൂപപ്പെട്ട പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ പുനർ നിർമ്മാണം ചെയ്ത് രൂപപ്പെടുത്തിയവയാണ്. ആദിമസഭയ്ക്ക് ചരിത്രഗതിയിൽ ഉണ്ടായ തിരിച്ചറിവുകൾ സഭാ-വേദശാസ്ത്ര-ചരിത്ര സാഹചര്യങ്ങൾ എന്നിവ അവയുടെ രചനയ്ക്ക് നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. അക്കാരണത്താൽ എന്തെങ്കിലും കാര്യം സുവിശേഷത്തിൽ ഉണ്ട് എന്ന അടിസ്ഥാനത്തിൽ മാത്രം അത് യേശുവിന്റെ വീക്ഷണമായി വിലയിരുത്താനാവില്ല. സുവിശേഷങ്ങൾ പ്രാഥമികമായി ശിഷ്യസമൂഹത്തിന്റെ വിശ്വാസപ്രതികരണങ്ങളോ, ക്രിസ്തുസംഭവത്തിന്റെ അപ്പോസ്തോലിക വ്യാഖ്യാനങ്ങളോ (kerygma) ആയി ഗണിക്കണം.

ആ പശ്ചാത്തലത്തിൽ ക്രിസ്തുവിന്റെ സ്ത്രീസ്വത്വ കാഴ്ചപ്പാട് വിലയിരുത്തുന്നതിന് സുവിശേഷത്തിൽ കർത്താവ് പറയുന്നതും പ്രവർത്തിക്കുന്നതുമായി പറയുന്ന കാര്യങ്ങൾ അതേപടി ഉപയോഗപ്പെടുത്തിയാൽ അത് ക്രിസ്തുവിന്റെ വീക്ഷണമാകില്ല. അതുകൊണ്ട് കർത്താവ് പറഞ്ഞതും പ്രവർത്തിച്ചതും വാസ്തവത്തിൽ എന്തായിരുന്നുവെന്നും അവയുടെ യഥാർത്ഥ ലക്ഷ്യം എന്തായിരുന്നുവെന്നും അവ ഏത് പശ്ചാത്തലത്തിൽ സംഭവിച്ചു എന്നും കണ്ടെത്താൻ ശാസ്ത്രീയമായ ഒരു പഠനപ്രക്രിയ അനുപേക്ഷണിയമാണ്. ആ സാഹചര്യത്തിൽ ഈ പഠനത്തിന് ഒരു രീതിശാസ്ത്രം വികസിപ്പിച്ചെടുക്കേണ്ടതായി വരുന്നു. അതിന്റെ പ്രാരംഭമായി സുവിശേഷങ്ങൾ സംബന്ധിച്ച ചില പ്രാഥമിക നിരീക്ഷണങ്ങൾ നാം ശ്രദ്ധിക്കേണ്ടതുണ്ട്.

1) സുവിശേഷങ്ങൾ കർത്താവിന്റെ ജീവിതവും നടപടികളും സംബന്ധിച്ച ചരിത്രരേഖകൾ അല്ല. അവ മൗലികമായി ക്രിസ്തുവിന്റെ ജീവിതവും ഉപദേശവും ശിഷ്യസമൂഹത്തിലുണ്ടാക്കിയ വിശ്വാസപ്രതികരണത്തിന്റെ അടിസ്ഥാനത്തിൽ ശിഷ്യസമൂഹം സൃഷ്ടിച്ച വ്യാഖ്യാനങ്ങളാണ്. അതായത് വിശ്വാസസമൂഹം കർത്താവിനെ എങ്ങനെയെല്ലാം മനസ്സിലാക്കി എന്നതിന്റെ അവതരണമാണ്.

2) ഓരോ സുവിശേഷത്തിനും അതിന്റെ സ്വന്തമായ വേദശാസ്ത്രം, സഭാപശ്ചാത്തലം, ലക്ഷ്യകേന്ദ്രം (focus), പരിഗണനകൾ (concerns), തമസ്കരിക്കലുകൾ എല്ലാമുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് സുവിശേഷ പദാർത്ഥങ്ങളുടെ തെരഞ്ഞെടുപ്പ്, അനുക്രമം (sequence), അവതരണം, വിട്ടുകളയൽ എന്നിവ നടത്തിയത്.

3) പിൽക്കാലത്തെ സഭയുടെ സാഹചര്യങ്ങൾ, ആവശ്യങ്ങൾ എന്നിവ പരിഗണിച്ച് യേശുവിന്റെ വചനങ്ങളും നടപടികളും selective ആയി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ ആവശ്യമായ തരത്തിൽ പശ്ചാത്തല-സാഹചര്യ-ലക്ഷ്യങ്ങളും മാറ്റി എന്നുവരാം. അതായത് യേശുവിന്റെ ഓരോ വചനത്തിന്റേയും പ്രവൃത്തിയുടേയും യഥാർത്ഥ പശ്ചാത്തലം (original settings)

തിരുവചനധ്യാനം

# കുരിശ്: ത്യാഗോജ്ജ്വല സ്നേഹത്തിന്റെ പ്രതീകം

**ഫാ. ഗീവർഗീസ് കെ. കുന്നംകുളം**

**ക്രി**സ്തുവിന്റെ ക്രൂശ് വ്യർത്ഥമാകാതിരിക്കേണ്ടത് വാക്ചാതുര്യത്താൽ അല്ല. ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു. (1 കൊരന്തി 1:17–18)

**1. ആമുഖ പഠനം**

മുടന്തുള്ള സന്താനം, മന്ദബുദ്ധിയായ മകൻ, പോളിയോ ബാധിച്ച മകൾ, മദ്യപാനിയായ ഭർത്താവ് വാതം പിടിച്ച കുടുംബനാഥൻ, വിവാഹം നടക്കാത്ത മകൾ , പഠിച്ചിട്ടും ജോലി ലഭിക്കാത്ത ബിരുദധാരി, ദാരിദ്ര്യം, ഏകാന്തത, ഇപ്രകാരമുള്ള ഏതെങ്കിലും ഒരു ദുരിതം അനുഭവിക്കുന്ന വ്യക്തിയോ, കുടുംബമോ മനം മടുപ്പോടെ പറയാറുണ്ട്, “ഈ കുരിശ് എന്റെ മേൽ വച്ചല്ലോ” എന്ന്. ഇപ്രകാരം തോന്നുകയും പറയുകയും ചെയ്യാത്തവർ ആരും ഉണ്ടാകുകയില്ല. എല്ലാ മനുഷ്യരുടെയും ജീവിതത്തിൽ ക്ലേശങ്ങളുണ്ട്, കുരിശുകളുണ്ട്. ഈ കുരിശിന്റെ സുവിശേഷമാണ് ഈ വേദ ഭാഗത്തിന്റെ ചിന്താവിഷയം. വിജ്ഞാനത്തിന്റെ മഹത്വത്തിൽ അഭിമാനിച്ചിരുന്ന ഗ്രീക്കുകാർ, യെരുശലേം ദൈവാലയത്തിലേക്ക് ആഘോഷപൂർവ്വം ആഡംബരങ്ങളോടെ സ്വീകരിക്കപ്പെട്ട യേശുവിനെ സന്ദർശിക്കാനെത്തുന്നു. അവർക്കു യേശുനാഥൻ നൽകുന്നത് തന്റെ ജീവിതത്തിൽ താൻ ആർജ്ജിക്കു

---

സുവിശേഷങ്ങളിൽ കാണണം എന്നു നിർബന്ധമില്ല. മൂലപശ്ചാത്തലത്തിൽ നിന്ന് മാറ്റമുണ്ടാക്കുമ്പോൾ സുവിശേഷഭാഗങ്ങൾക്ക് അർത്ഥ-സൂചന-ലക്ഷ്യ വ്യതിയാനങ്ങളും സംഭവിക്കാനുള്ള സാധ്യതയുണ്ട്.

4) യേശുവിന്റെ വചനങ്ങൾ, നടപടികൾ എന്നിവ എഴുത്തുകാരുടെയും സുവിശേഷ പാരമ്പര്യങ്ങൾ രൂപം പ്രാപിച്ച സമൂഹത്തിന്റേയും ഗ്രഹണശക്തി, ബൗദ്ധികശേഷി, ദേശ സാംസ്ക്കാരിക-ആശയ പശ്ചാത്തലം, പരിഗണനകൾ, വിവേചനം എന്നിവയാൽ നിയന്ത്രിക്കപ്പെടുന്നു. അതുകൊണ്ട് യേശു ഉദ്ദേശിച്ച രീതിയിൽത്തന്നെ കാര്യങ്ങൾ സുവിശേഷങ്ങളിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ടോ എന്ന് അന്വേഷിക്കേണ്ടതുണ്ട്.

5) സുവിശേഷ രചയിതാക്കളുടെ താല്പര്യ അടിസ്ഥാനത്തിൽ സുവിശേഷപദാർത്ഥങ്ങൾ എഡിറ്റിംഗ്-വഴക്കിയെടുക്കൽ പ്രക്രിയകൾക്ക് വിധേയമായിത്തീർന്നിട്ടുണ്ട്. സമാനതകൾ ഏറെയുള്ള സമവീക്ഷണസുവിശേഷങ്ങളിൽ പോലും വ്യത്യാസങ്ങളും വൈരുദ്ധ്യങ്ങളും നിലനിൽക്കുന്നു. ഇതിന്റെ കാരണം മേൽവിവരിച്ചതാണ്.

6) കൂടാതെ സുവിശേഷ രചയിതാക്കൾ സ്വന്തനിലയിൽ അവരുടെ എഡിറ്റോറിയൽ കമന്റ്സ് നടത്തുന്നുണ്ട്. ഇത് സുവിശേഷഭാഗങ്ങൾക്കുള്ള വ്യക്തിപരമായ വ്യാഖ്യാനങ്ങളാണ്. ഇവ ക്രിസ്തുവിന്റെ കാഴ്ചപ്പാടുകളായി പരിഗണിക്കുന്നത് സൂക്ഷിച്ചു ചെയ്യേണ്ട കാര്യമാണ്.

അന്നത്തെ യഹൂദ സമൂഹഘടനയുടെയും, സാമൂഹിക-മത-നിയമങ്ങളുടെയും സ്വാധീനത്തിൽ വളർന്ന സുവിശേഷകർക്ക് സ്ത്രീ കളെ സംബന്ധിച്ച ക്രിസ്തുവിന്റെ കാഴ്ചപ്പാട് വ്യക്തമായി മനസ്സിലാക്കാനോ അവതരിപ്പിക്കാനോ പൂർണ്ണമായി സാധിച്ചിരുന്നോ എന്നത് പരിശോധിക്കേണ്ട കാര്യമാണ്. അതുകൊണ്ട് കർത്താവിന്റെ സ്ത്രീസങ്കല്പം ആവിഷ്ക്കരിക്കുവാനുള്ള രീതിശാസ്ത്രം അനിവാര്യമായി വരുന്നു. ഇതിനു കർശനമായ ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടിയും വരും. എങ്കിൽ മാത്രമേ കുറ്റമറ്റ നിഗമനങ്ങളിൽ എത്തിച്ചേരാനാവൂ. കൃത്യമായ ഒരു രീതിശാസ്ത്രം രൂപപ്പെടുത്തുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ സഹായകമാകും.

1) സ്ത്രീകളെ സംബന്ധിച്ച യേശുവിന്റെ വചനങ്ങൾ, അവർ കൂടെ ഉൾപ്പെട്ട സംഭവങ്ങൾ, അവരെപ്പറ്റിയും അവരുമായി നടന്ന യേശുവിന്റെ സംഭാഷണങ്ങൾ എന്നിവ കണ്ടെത്തി പ്രാഥമിക പാഠ്യവസ്തുക്കൾ (Study materials) സൃഷ്ടിക്കുക.

2) അവയുടെ പശ്ചാത്തലം കണ്ടെത്തി അവയിലൂടെ യേശു വെളിപ്പെടുത്തുവാൻ ഉദ്ദേശിച്ച കാര്യങ്ങൾ തിരിച്ചറിയുക.

3) എഴുത്തുകാരന്റെ അവതരണത്തിൽ നിന്ന് ക്രിസ്തുവിന്റെ വചനം, പ്രവൃത്തികളുടെ ഉദ്ദേശ്യം, പശ്ചാത്തലം ഇവയെ സ്വതന്ത്രമാക്കി മൂലപശ്ചാത്തലം കണ്ടെത്തുവാൻ ശ്രമിക്കുക.

4) യേശുവിന്റെ സ്ത്രീസങ്കല്പത്തിന്റെ സമഗ്രഭാവം കണ്ടെത്തുന്നതിനായി താരതമ്യേന ആധികാരികമായ ഭാഗങ്ങൾ അടിസ്ഥാനമാക്കി മാനദണ്ഡങ്ങൾ ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇതര ഭാഗങ്ങളെ വിലയിരുത്താൻ ശ്രമിക്കുകയും ചെയ്യുക.

മേൽപ്പറഞ്ഞ ചർച്ചകളുടെ അടിസ്ഥാനത്തിൽ യേശുവിന്റെ സ്ത്രീസ്വത്വദർശനം സംബന്ധിച്ച അന്വേഷണം ആരംഭിക്കാവുന്നതാണ്.

സസ്നേഹം,

നിങ്ങളുടെ

അത്താനാസ്യോസ് തോമസ്
മെത്രാപ്പോലീത്ത

വാൻ പോകുന്ന മഹത്വത്തേക്കുറിച്ചുള്ള സന്ദേശമാണ്. ദാനിയേൽ പ്രവാചകന്റെ പുസ്തകത്തിലും ഇസ്രായേൽ ജനതയുടെ മനസ്സിലും ആഴത്തിൽ നിലനിന്നിരുന്ന ശക്തിയുടെയും, സമ്പന്നതയുടെയും പര്യായമായ വിജയത്തിന്റെ മഹത്വമല്ല അദ്ദേഹം പ്രഖ്യാപിക്കുന്നത്. പിന്നെയോ ആത്മാർപ്പണത്തിലൂടെ താൻ നേടിയെടുക്കാനിരിക്കുന്ന ജീവനെക്കുറിച്ചുള്ള സന്ദേശമാണ്.

പത്തായപ്പുരയുടെ സുരക്ഷിതത്വത്തിലിരിക്കുന്ന ഗോതമ്പ് മണിക്ക് ഒരിക്കലും പുതുജീവൻ നൽകാനാവില്ല. പത്തായപ്പുരയുടെ സുരക്ഷിതത്വത്തിൽ നിന്നും, ഉഴുത് മറിക്കപ്പെട്ട ചെളിയിൽ വീണ് സ്വയം നഷ്ടപ്പെടുത്തുന്ന ഗോതമ്പ് മണിയാണ് വീണ്ടും ജീവൻ ഉദ്ഭവിപ്പിക്കുക. യേശുനാഥൻ തന്റെ ജീവിതത്തിന്റെ രത്നച്ചുരുക്കമാണ് ചെറിയൊരു ഗോതമ്പ് മണിയുടെ അനുഭവത്തിലൂടെ ലോകത്തിന് വെളിപ്പെടുത്തുന്നത്. ശക്തികൊണ്ട് എല്ലാം തച്ചുടച്ച് അധീശത്വത്തിലൂടെയും, അധികാരത്തിലൂടെയും എല്ലാത്തിന്റെയും അധിപനായിരുന്നുകൊണ്ട് ഭരണം നടത്തുന്ന സർവ്വശക്തനെയാണ് യഹൂദർ സ്വപ്നം കണ്ടിരുന്നതെങ്കിൽ ത്യാഗോജ്ജ്വലമായ സ്നേഹത്തിലൂടെ, സഹനത്തിലൂടെ തന്റെ അവസാന തുള്ളി രക്തം വരെ ചിന്തികൊണ്ട് ലോകത്തിന്റെ രക്ഷനേടിയെടുത്ത ക്രിസ്തുവിനെയാണ് നാം ദർശിക്കുന്നതും, ആരാധിക്കുന്നതും. യോഹന്നാന്റെ സുവിശേഷത്തിൽ ക്രിസ്തു പറയുന്നത് ശ്രദ്ധിക്കുക. "നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന പുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന് തന്നെ. നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യൻമാരാണെന്ന് എല്ലാവരും അറിയും." യോഹ 13:34, 35

കർത്താവ് സ്നേഹിച്ചതെങ്ങനെയെന്ന് നമുക്ക് വ്യക്തമാണ്. ഇനി അൽപം പോലും മറ്റുള്ളവർക്കായി കൊടുക്കാനില്ലാത്ത വിധത്തിൽ പൂർണ്ണമായും നമുക്ക് വേണ്ടി നൽകിയ സ്നേഹത്തിന്റെ പൂർത്തീകരണമാണ് ക്രിസ്തു. ഈ ആത്മാർപ്പണത്തിൽ ജീവിക്കുന്ന, ജീവിച്ചിരുന്ന വളരെയേറെപേർ നമുക്കിടയിലുണ്ട്. ഉണ്ടായിരുന്നു. അവരുടെ അർപ്പണത്തിന്റെയും, ത്യാഗത്തിന്റെയും ശക്തിയാണ് ഇന്ന് ക്രൈസ്തവസഭയെ ലോകത്തിൽ നിലനിർത്തുന്നത്. അവരെ പരിശുദ്ധൻമാരായി സഭ ഗണിക്കുന്നു. പക്ഷെ ആധുനിക കൂട്ടായ്മക്കാരും, പുതിയ സഭകളും ആയത് തിരസ്ക്കരിക്കുന്നു എങ്കിലും എബ്രായ ലേഖനം 12-ാം അദ്ധ്യായത്തിന്റെ ആരംഭത്തിൽ പറയുന്നതുപോലെ 'ആകയാൽ സാക്ഷികളുടെ ഇത്ര വലിയ സമൂഹം നമുക്ക് ചുറ്റും നില്ക്കുന്നു' എന്ന് ഓർക്കുക. ആ സാക്ഷികളുടെ സമൂഹമാണ് രത്കസാക്ഷികളും, പരിശുദ്ധൻമാരും എന്ന കാര്യം എപ്പോഴും ഓർക്കുക.

കുരിശിന്റെ അർത്ഥവും, ആധികാരികമായ വ്യാഖ്യാനങ്ങളും, നാനാർത്ഥങ്ങളും, മനസ്സിലാക്കാതെ കുരിശ് ചുമക്കുന്നവരാണ് നാം ഓരോരുത്തരും.

ചന്ദനത്തിന്റെ സുഗന്ധമറിയാതെ കഴുത ചന്ദനം ചുമക്കുന്നതുപോലെയാണ് നാം കുരിശ് വരയ്ക്കുന്നതും ചുമക്കുന്നതും. പരിശുദ്ധ കുരിശിന്റെ അർത്ഥവും ആഴവും, പരപ്പും മനസ്സിലാക്കിയാൽ പിന്നെ സംശയം മനസ്സിൽ ഉണ്ടാകുകയില്ല.

**1. പത്തുകല്പനകളുടെ പൂർത്തീകരണം**

സീനായ് പർവ്വതത്തിന്റെ മുകളിൽവെച്ച് യഹോവാ മോശയ്ക്ക് പത്ത് കല്പനകൾ കൊടുത്തുവല്ലോ. വേദപുസ്തകത്തിൽ പുറപ്പാട് പുസ്തകം 20-ാം അദ്ധ്യായത്തിലും, ആവർത്തന പുസ്തകം 5-ാം അദ്ധ്യായത്തിലും ഈപത്ത് കല്പനകൾ കൊടുത്ത കാര്യം വിവരിക്കുന്നുണ്ട്.

ഒരു കാര്യം ഓർക്കുക. ഈ പത്ത് കല്പനകളിൽ ആദ്യത്തെ 4 എണ്ണം മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധവും, മറ്റ് 6 എണ്ണം മനുഷ്യനും, മനുഷ്യനും തമ്മിലുള്ള ബന്ധവും സൂചിപ്പിക്കുന്നു. കുരിശ് രണ്ട് തടിക്കഷ്ണങ്ങൾ തമ്മിൽ ബന്ധിപ്പിച്ചുണ്ടാക്കുന്നതാണ്. ഇതിനപ്പുറം നാം ഒന്നും ചിന്തിക്കാറില്ല. അപ്രകാരം കാണപ്പെടുന്ന സാധനം ക്രിസ്തുവിനു മുമ്പ് വലിയ കുറ്റവാളിക്ക്, പക്കാ തെമ്മാടിക്ക്, റോമൻ സാമ്രാജ്യനിയമം ചമച്ച പീഡന കരുവായിരുന്നു. അത്തരക്കാരെ കുരിശിൽ തറച്ച് പീഡിപ്പിച്ച് വധിക്കണം. ക്രൂശിക്കപ്പെട്ടവരെ അവിടവിടെ വഴിവക്കിൽ നാട്ടിനിർത്തും. ശിക്ഷയുടെ പരസ്യം തെറ്റ് ചെയ്യാതിരിക്കുവാനുള്ള താക്കീത്. എന്നാൽ ക്രിസ്തു ഈ കുരിശിനെ പരിപാവനമാക്കി. ക്രൂശിൻമേൽ കിടന്നുകൊണ്ട്, "പിതാവേ! ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കണമേ" എന്ന് പറഞ്ഞു.

വീണ്ടും ക്രൂശിലെ കള്ളനോട് "ഇന്ന് നീ എന്നോടുകൂടെ പറുദീസായിൽ ഇരിക്കും. എന്ന് ഞാൻ സത്യമായിട്ട് നിന്നോട് പറയുന്നു" എന്ന് പറഞ്ഞു. ഇതിൽ രണ്ടാമത്തേത് ദൈവവും മനുഷ്യനുമായുള്ള ബന്ധത്തേയും ആദ്യത്തേത് മനുഷ്യനും മനുഷ്യനുമായുള്ള ബന്ധത്തേയും സൂചിപ്പിക്കുന്നു. ഈ സന്ദേശമാണ് കുരിശ് നമുക്ക് നൽകുന്നത്. രണ്ട് തണ്ടുകളിൽ നേരെയുള്ള തണ്ട് ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെക്കുറിച്ചും, കുറുകെയുള്ള തണ്ട് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെയും സൂചിപ്പിക്കുന്നു. അതുകൊണ്ടാണ് കുരിശ് 10 കല്പനകളുടെ പൂർത്തീകരണം എന്ന് ഓർമ്മിപ്പിച്ചത്. മാത്രമല്ല ഈ പത്ത് കല്പനകൾ ക്രിസ്തു തന്നെ ചുരുക്കി ഒരു ചെറുപ്പക്കാരന് പകർന്നു കൊടുക്കുന്നത് ശ്രദ്ധിക്കുക. ദൈവം ഒരുവനല്ലാതെ നല്ലവൻ ആരുമില്ല. വ്യഭിചാരം ചെയ്യരുത്, കൊലചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസാക്ഷ്യം പറയരുത്, നിന്റെ അപ്പനേയും, അമ്മയേയും ബഹുമാനിക്കുക. എന്നീ കല്പനകൾ നീ അറിയുന്നുവല്ലോ എന്ന് പറഞ്ഞു.

ലൂക്കോസ് 18:19, 20 ഇവിടെയും ദൈവവും, മനുഷ്യനും, തമ്മിലുള്ള ബന്ധത്തേയും, മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തേയും സൂചിപ്പിക്കുന്നു.

വീണ്ടും ക്രിസ്തു മത്തായിയുടെ സുവിശേഷം 22–ാം അദ്ധ്യായം 37–ാം വാക്യത്തിൽ പറയുന്നത് ശ്രദ്ധിക്കുക. യേശു അവനോട് "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും, പൂർണ്ണ ആത്മാവോടും പൂർണ്ണ മനസ്സോടും കൂടെ സ്നേഹിക്കണം. ഇതാകുന്നു വലിയതും, ഒന്നാമത്തേതുമായ കല്പന. രണ്ടാമത്തേത് അതിനോട് സമം കൂട്ടുകാരനെ നിന്നേപ്പോലെ തന്നെ സ്നേഹിക്കണം. ഈ രണ്ട് കല്പനകളിൽ സകല ന്യായപ്രമാണവും, പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു" എന്നു പറഞ്ഞു.

അതുകൊണ്ട് കുരിശ് നൽകുന്ന സന്ദേശം നെടുകെയുള്ള ദണ്ഡ് ദൈവവും മനുഷ്യനും തമ്മിലുള്ള സ്നേഹത്തേയും, കുറുകെയുള്ള ദണ്ഡ് മനുഷ്യനും മനുഷ്യനും തമ്മിലുള്ള സ്നേഹത്തെയും സൂചിപ്പിക്കുന്നു. ആയതുകൊണ്ട് പീഡന ഉപാധി ആയിരുന്ന കുരിശ് ത്യാഗോജ്ജ്വലമായ സ്നേഹ പ്രതീകമായിത്തീർന്നു. 10 കല്പനകൾ സീനായ് മലമുകളിൽ വെച്ച് ദൈവം മോശക്ക് നൽകി. അതിന്റെ പൂർത്തീകരണമായ കുരിശ് ത്യാഗോജ്ജ്വ സ്നേഹമായിത്തീർന്നത് ഗോഗുൽത്താമല മുകളിൽവെച്ചാണ്. അങ്ങനെ കുരിശ് പത്ത് കല്പനകളുടെ പൂർത്തീകരണമായി.

**2. കുരിശിന്റെ നാനാർത്ഥങ്ങൾ**

നെടുകെയും കുറുകെയും പിടിപ്പിച്ച ദണ്ഡുകൾ. ആദ്യ-നോട്ടത്തിൽ അതാണ് കുരിശ്. അപ്രകാരം കാണപ്പെടുന്ന വസ്തു പീഡന കരുവായിരുന്നു എന്ന് നേരത്തെ സൂചിപ്പിച്ചുവല്ലോ. കുരിശ് അങ്ങനെ ശാപം, ശിക്ഷ തുടങ്ങിയ വ്യഥയുടെ അർത്ഥങ്ങൾ പേറി നില്ക്കുന്നു. മേല്പറഞ്ഞ രണ്ട് അർത്ഥങ്ങൾ കൂടാതെ കുരിശിനോട് ചേർത്ത് വേറൊരു അർത്ഥം ചിന്തിക്കാം. അതാണ് ശ്രദ്ധേയം. രക്ഷണീയം. കുരിശിന്റെ സുവിശേഷം. ഈ പ്രത്യേക അർത്ഥത്തിന് കാരണക്കാരൻ എല്ലാവർക്കുമറിയാം ക്രിസ്തു തന്നെ. കുറ്റമില്ലാത്തവൻ കുറ്റക്കാരനാകേണ്ടി വന്ന സുവിശേഷം. ക്രൂശിന്റെ പ്രതീകാത്മക അർത്ഥം പൗലോസ്ശ്ലീഹാ വെളിപ്പെടുത്തുന്നു. "ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്ക് ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു" (1 കൊരന്തി 1:18). സ്വയം യാഗമായിതീർന്ന കർത്താവിന്റെ മരണം ചിലരുടെ ഹൃദയങ്ങളിൽ ഒരു ചലനവും വരുത്തുന്നില്ല. എന്തെന്നാൽ അവരുടെ ബുദ്ധി അവരെ അതിന് സമ്മതിക്കുന്നില്ല. അവർക്ക് അതു ഭോഷത്വമായി തോന്നുന്നു. അതിൽ നിന്ന് വ്യത്യസ്തമായ നിലപാടാണ് നമ്മിൽ നിന്ന് പ്രതീക്ഷിക്കുന്നത്. കാരണം, അതിനെ സ്വീകരിക്കുന്നവൻ ക്രിസ്തുവിന്റെ ശക്തിയാൽ രൂപാന്തരം പ്രാപിക്കുന്നു. കുരിശ് നൽകുന്ന മറ്റൊരർത്ഥമാണ് കഷ്ടത. മനുഷ്യ ജീവിതത്തിൽ ജീവിതഭാരം വരുമ്പോൾ "ഈ കുരിശ് എന്റെ മേൽ വച്ചല്ലോ"! എന്ന നെടുവീർപ്പ് മനുഷ്യരിൽ നിന്നുണ്ടാകുന്നു എന്ന് ആമുഖ പഠനത്തിൽ ഓർമ്മിപ്പിച്ചല്ലോ. ഈ നെടുവീർപ്പ് കണ്ടുകൊണ്ടായിരിക്കണം കർത്താവ് ഇപ്രകാരം വിളിച്ചു പറയുന്നത്. "എന്നെ അനുഗമിക്കാൻ ഇച്ഛിക്കുന്നവൻ സ്വയം നിഷേധിച്ച് തന്റെ കുരിശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ"

നമ്മുടെ കഷ്ടതകളാകുന്ന കുരിശ് സ്വമനസ്സാലെ വഹിച്ച് ജീവിതം നയിക്കുന്നവർക്കേ ക്രിസ്തുവിന്റെ ക്രൂശിൽ പങ്കാളിത്തം ലഭിക്കുകയുള്ളൂ. ഒരു ചിത്രീകരണം ഓർത്തുപോകുകയാണ്. ഭക്തനായ ഒരു ക്രിസ്തീയ മിഷനറി. ഭാര്യ നിത്യരോഗി, ഒരു മകൾ തളർവാതം ബാധിച്ച് കിടപ്പിലാണ്. കണ്ണുകാണാത്ത മകൻ. ഈ ഭക്തൻ എന്നും പ്രാർത്ഥിക്കും. "എന്റെ ജീവിതഭാരം ഒന്ന് കുറച്ചുതരണമേ"! രോഗശാന്തി ഹോൾസെയിലായി കരാറെടുക്കുന്ന കൂട്ടായ്മക്കാർ ഈ ഭക്തനെ പലപ്പോഴായി സന്ദർശിച്ചുകൊണ്ടിരിക്കുന്നു. ഇതിലൊന്നും പെടാതെ ഈ ഭക്തൻ പള്ളി ആരാധനയിൽ കൃത്യമായി പങ്കെടുത്തും വി. കുർബ്ബാന അനുഭവിച്ചും കൊണ്ട് സംതൃപ്തിനേടുന്നു. ഒരു രാത്രിയിൽ ഈ ഭക്തൻ ഒരു സ്വപ്നം കാണുന്നു. കുറെ മനുഷ്യർ ഭാരമേറിയ കുരിശുകൾ ചുമന്നുകൊണ്ട് മോക്ഷത്തിലേക്ക് യാത്ര ചെയ്യുകയാണ്. ഭാരം കൊണ്ട് പലരും ക്ഷീണിക്കുന്നുണ്ട്. അതിൽ ഒരുവൻ പ്രാർത്ഥിച്ചു. എന്റെ കുരിശിന്റെ ഭാരം ഒന്നു കുറച്ചുതരണമേ. പെട്ടെന്ന് അവന്റെ കുരിശിന്റെ നീളം കൂടിയ ഭാഗത്ത് നിന്ന് ഒരു ഭാഗം ദൈവം മുറിച്ചുമാറ്റിക്കൊടുത്തു. അല്പം ഭാരം കുറഞ്ഞ ആശ്വാസത്തിൽ യാത്ര തുടർന്നു. കറെ കഴിഞ്ഞപ്പോൾ വീണ്ടും പ്രാർത്ഥിച്ചു. വീണ്ടും നീളം കുറച്ചു. ഇപ്പോൾ കുരിശിന്റെ രൂപം മാറി 'പ്ലസ്' രൂപത്തിലായി. ഭാരം കുറഞ്ഞ സന്തോഷത്താൽ ഈ മനുഷ്യൻ യാത്ര തുടർന്നു. കുറെ കഴിഞ്ഞപ്പോൾ മുന്നിൽ വിലയ കിടങ്ങ്. ആ കിടങ്ങിനുള്ളിൽ ഉഗ്ര വിഷസർപ്പങ്ങൾ. അപ്പോൾ ഒരറിയിപ്പ് ഭയപ്പെടേണ്ട നിങ്ങളുടെ കുരിശ് കിടങ്ങിന് മുകളിൽ വെക്കുക. അതിൻമേൽ കൂടി മറുകര കടക്കുക. കടന്നു കഴിഞ്ഞാൽ കുരിശ് എടുക്കുവാൻ ശ്രമിക്കരുത്. മറുകരയിൽ നിങ്ങൾ കാൽ വെച്ചാൽ കുരിശ് തനിയെ അപ്രത്യക്ഷമാകും. വിഷസർപ്പങ്ങൾ നിങ്ങളെ ഉപദ്രവിക്കുകയില്ല. മറുകരയാണ് നിങ്ങൾ പ്രതീക്ഷിക്കുന്ന മോക്ഷസ്ഥലം. ചിത്രീകരണം മനസ്സിലായില്ലെ? കുരിശിന്റെ ഭാരം കുറച്ചവൻ ദുഃഖിക്കേണ്ടി വന്നു.

**3. ക്രൂശിതനിൽ പങ്കാളിത്തം**

സഹനം, വേദന, ക്ലേശങ്ങൾ ഇവയെല്ലാം ജീവിതാനുഭവങ്ങളാണ്. അവയെ എങ്ങനെ രക്ഷണീയമാക്കാം? ദുരിതാനുഭവങ്ങളായ കുരിശുകളെ സ്വീകരിക്കുക. അതാണ് ക്രിസ്തുവിന്റെ ആഹ്വാനം – കുരിശെടുത്തവന്റെ ആഹ്വാനം. ത്യാഗമനസ്സ്,

ലേഖനം

# ഒരു മാതൃകാ ക്രിസ്ത്യാനി

എം.ജി.ജോർജ്ജ്, മുത്തൂറ്റ്

മറ്റുള്ളവരോടു ക്ഷമിക്കുവാൻ സാധിക്കാത്ത ഒരുവന് ദൈവത്തിൽ നിന്ന് ക്ഷമയാചിക്കുവാൻ അവകാശം ഇല്ല. സഹോദരനോട് വൈരാഗ്യവും വെറുപ്പും വച്ചു പുലർത്തുന്നവർക്ക് ആത്മീയ വളർച്ച ലഭ്യമാകുകയില്ല.

ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. (ഉല്പ. 1:27), ദൈവത്തിന്റെ രൂപം ഭൂമിയിൽ കാണിച്ചുകൊടുക്കുക എന്നതാണ് മനുഷ്യസൃഷ്ടിയുടെ ഏറ്റവും വലിയ ഉദ്ദേശ്യം. സൃഷ്ടാവായ ദൈവത്തോട്, സൃഷ്ടിയായ മനുഷ്യനുള്ള ഈ കടപ്പാട് പൂർണ്ണമായി നിർവ്വഹിക്കപ്പെടുന്ന ജീവിതമാണ് മാതൃകായോഗ്യമായ ജീവിതം. എന്നാൽ പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനുമായ യേശു ക്രിസ്തുവിലല്ലാതെ പൂർണ്ണമായ മാതൃക കാണുകയില്ല എന്ന യാഥാർത്ഥ്യം മുമ്പിൽ കണ്ടുകൊണ്ട്, ഒരു മാതൃകാ ക്രിസ്ത്യാനി എങ്ങനെ വർത്തിക്കണം എന്ന് നമുക്ക് ചിന്തിക്കാം.

യഥാർത്ഥ വിശ്വാസിആയിരിക്കണം. വിശ്വാസം എന്നത് ക്രിസ്തീയ തത്വസംഹിതകളിൽ വിശ്വസിക്കുക എന്നത് മാത്രമല്ല. പിന്നെയോ, യേശു ക്രിസ്തുവുമായി വ്യക്തിപരമായ ഒരു ബന്ധം ഉണ്ടാകുക എന്നതാണ്. ക്രിസ്തു എനിക്ക്, എന്റെ രക്ഷകനും, വീണ്ടെടുപ്പുകാരനും, കർത്താവും, ദൈവവും, സർവ്വസ്വവും ആണെന്നുള്ള ഉറപ്പ് ഉണ്ടാകുക. ശമര്യക്കാർ സ്ത്രീയോടു പറയുന്നു. "ഇനി നിന്റെ വാക്കുകൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നത്. ഞങ്ങൾ തന്നെ കേൾക്കുകയും, അവൻ സാക്ഷാൽ രക്ഷിതാവ് എന്ന് അറിയുകയും ചെയ്തിരിക്കുന്നു." (യോഹ 4:42)

വി.പൗലോസ് ശ്ലീഹ അനേക തവണ തന്റെ ലേഖനങ്ങളിൽ ഉപയോഗിക്കുന്ന പ്രയോഗങ്ങളാണ് 'ഞാൻ ക്രിസ്തുവിൽ ജീവിക്കുന്നു,' 'ക്രിസ്തു എന്നിൽ ജീവിക്കുന്നു.' എന്നിവ ഗലാത്യ ലേഖനം 2-ാം അദ്ധ്യായം 20-ാം വാക്യത്തിൽ ഇനി ജീവിക്കുന്നത് ഞാനല്ല. ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നത് എന്നാണ് പറഞ്ഞിരിക്കുന്നത്. ക്രിസ്തുവുമായുള്ള അഭേദ്യമായ തന്റെ ബന്ധത്തെ ആണ് ഈ വാക്കുകളിൽ കൂടെ പൗലോസ് ശ്ലീഹാ ചൂണ്ടിക്കാണിക്കുന്നത്. ഈ പരമമായ ബന്ധത്തിൽ

ദൈവത്തിൽ പ്രത്യാശ, സ്നേഹത്തിന്റെ ആത്മാവ് എന്നീ പുണ്യാനുഭവങ്ങളോടെ വേണം കുരിശ് സ്വീകരിക്കുവാൻ. ഇത്തരം ഭാവങ്ങളോടെ കുരിശ് സ്വീകരിക്കാൻ സാധിച്ചാൽ കുരിശുകളെല്ലാം പുണ്യാനുഭവങ്ങളാകും. ദുരിതങ്ങളെ ജീവിതാലങ്കാരമാക്കാൻ പ്രസ്തുത മനോഭാവങ്ങളും സഹായകമാണ്.

"ഇടയ്ക്ക് കണ്ണീരുപ്പ് കലരാതെന്തിന് ജീവിത പലഹാരം?" എന്ന കവി വാക്യം മറക്കാതിരിക്കുക. മറ്റുള്ളവരുടെ കുരിശിന്റെ ഭാരം ലഘൂകരിച്ചും, അവർക്ക് വേണ്ടി ത്യാഗങ്ങളും സഹനങ്ങളും സ്വീകരിച്ചുമാണ് യേശു തന്റെ ജീവിതം ധന്യമാക്കിയതും മനുഷ്യകുലത്തിന്റെ രക്ഷകനായതും. നമ്മെക്കാൾ കൂടുതൽ സഹിക്കുന്നവർക്കു അത്താണിയാകുമ്പോൾ നമ്മുടെ സഹനങ്ങൾ സന്തോഷ നിമിഷങ്ങളായിത്തീരുന്നു. യേശുവിന്റെ കുരിശിലും രക്ഷയിലും നാം പങ്ക് ചേരേണ്ടത് പരസ്പരം ഭാരങ്ങൾ വഹിച്ചുകൊണ്ടാണ്. പൗലോസ് ശ്ലീഹാ ഗലാത്യർക്ക് എഴുതിയ ലേഖനം ശ്രദ്ധിക്കുക. "തമ്മിൽ തമ്മിൽ ഭാരങ്ങളെ ചുമപ്പിൻ. ഇങ്ങനെ ക്രിസ്തുവിന്റെ ന്യായ പ്രമാണം നിവർത്തിപ്പിൻ" (ഗലാത്യ 6:2). യേശുവിന്റെ ക്രൂശിലെ പങ്കാളിത്തം സ്വീകരിക്കേണ്ട വിളിയാണ് ഓരോ ക്രൈസ്തവന്റെയും മുൻപിലുള്ളത് എന്നോർക്കുക.

**4. ഉപസംഹാരം**

ഇന്ന് ദേവാലയങ്ങളിൽ ചെന്ന് നോക്കിയാൽ പള്ളിയുടെ മുകൾ മുതൽ തറവരെ കുരിശുകൾ നിറഞ്ഞിരിക്കുന്നു. ഭവനങ്ങളുടെ കവാടം, ഡ്രോയിംഗ് റൂം, ഷോകേസ്, വാഹനം എന്നുവേണ്ട സർവ്വത്ര കുരിശ്. എല്ലാം നല്ലത്. പക്ഷേ അതിന്റെ ലക്ഷ്യമാണ് വിചിത്രം. നല്ലകാലം, അപകടരഹിതമായ അവസ്ഥ, രോഗമില്ലായ്മ, വർദ്ധിച്ച സമ്പാദ്യം എന്ത് ചെയ്താലും ദൈവസംരക്ഷണം. തുടങ്ങിയ ഒട്ടേറെ സ്വാർത്ഥ താല്പര്യങ്ങളാണ് അതിന് പുറകിൽ. അല്ലാതെ കുരിശ് നൽകുന്ന സന്ദേശം ആരും ഉൾകൊള്ളാറില്ല. ആ സന്ദേശം ഉൾക്കൊള്ളാത്തതുകൊണ്ട് പലപ്പോഴും കുരിശിനെ ബഹുമാനിക്കുന്നത് വിഗ്രഹാരാധന എന്ന് വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നു. പലപ്പോഴും കുരിശ് നൽകുന്ന സന്ദേശത്തെയാണ് നാം ആദരിക്കേണ്ടത്. എന്നകാര്യം മറന്നുപോകുന്നു. യേശുവിനെ വെട്ടികൊന്നിരുന്നെങ്കിൽ ആ ആയുധത്തെ ആരാധിക്കുമായിരുന്നോ? ബാലിശമായ ചോദ്യങ്ങൾ ഉയർന്നു വരുന്നു. ഇന്ത്യയുടെ ദേശീയപതാകയെ നാം വന്ദിക്കുന്നത് ഒരു മീറ്റർ നീളമുള്ള തുണിയെയാണോ? ആ പതാക നല്കുന്ന അഞ്ചോളം സന്ദേശങ്ങൾ ഉണ്ട്. ആ സന്ദേശങ്ങളുടെ മുമ്പിലാണ് ഇന്ത്യൻ പ്രസിഡന്റ് ഉൾപ്പെടെയുള്ളവർ വന്ദനം അർപ്പിക്കുന്നത് എന്നോർക്കുക. അതിനേക്കാളും പതിന്മടങ്ങ് ആഴവും, പരപ്പും, മനുഷ്യർക്ക് ഉൾകൊള്ളുവാൻ കഴിയുന്നതിലും വലിയ സന്ദേശവുമാണ്. കുരിശ് നൽകുന്നത്. ഇവയോടൊപ്പം ക്രൂശിതനായ ക്രിസ്തുവിനേയും ധ്യാനിച്ച് ജീവിതം ധന്യവും ഈടുറ്റതുമാക്കുക.

യേശുക്രിസ്തു നമ്മിൽ ജീവിക്കും. അവിടെ സ്വാർത്ഥതയോ, ഞാനെന്ന ഭാവമോ ഉണ്ടായിരിക്കുകയില്ല.

**ഉത്തമസാക്ഷി**

നാം ക്രിസ്തുവിന്റെ ഉത്തമ സാക്ഷികളായിരിക്കുക. ഓർത്ത ഡോക്സ് സഭ പരസ്യമായ സാക്ഷി പറച്ചിലിനെ പ്രോത്സാഹിപ്പിക്കുന്നില്ല. എന്നാൽ എവിടെയും, നമുക്ക് ക്രിസ് തുവിനെ സാക്ഷിക്കുവാൻ സാധി ക്കും. ഒരു ക്രിസ്ത്യാനി തണ്ടിൻമേൽ വച്ചിരിക്കുന്ന വിളക്കുപോലവെ സ്വയ മായി പ്രകാശിക്കുന്നവനും, മറ്റുള്ള വർക്കു വെളിച്ചം കൊടുക്കുന്നവനും ആയിരിക്കണം. കർത്താവിനെ കണ്ട ശേഷം അന്ത്രയോസ്, സഹോദര നായ പത്രോസിനെയും, പീലിപ്പോസ് നഥാനിയേലിനെയും കർത്താവിന്റെ സന്നിധിയിലേക്ക് കൂട്ടിക്കൊണ്ടു വരു ന്നു. ശമര്യക്കാരി സ്ത്രീ കർത്താവി നെ മശിഹാ എന്നു സാക്ഷിക്കുകയും പട്ടണവാസികളെ കർത്താവിന്റെ അടുക്കലേക്ക് വിളിച്ചുകൊണ്ടുവരു കയും ചെയ്തു. നമ്മുടെ മാതൃകാപ രമായ ജിവിതംകൊണ്ട് അനേകരെ ക്രിസ്തുവിലേക്ക് ആകർഷിക്കുവാൻ സാധിക്കണം. നീണ്ട പ്രസംഗങ്ങളേ ക്കാൾ ഇന്നു ശക്തമായിട്ടുള്ളതും ആവശ്യമായിട്ടുള്ളതും നിശബ്ദമായ മാതൃകാജീവിതമാണ്.

നമ്മുടെ സഭയിൽ ഓരോ അംഗ വും ഓരോ സുവിശേഷകനായി മാറേണ്ട കാലം അതിക്രമിച്ചിരിക്കു ന്നു. സഭയോട് അകന്നുപോകുന്ന ചെറുപ്പക്കാരുടെ എണ്ണം കൂടിക്കൊ ണ്ടിരിക്കുന്ന പ്രവണത ഒരു പരിധി വരെയെങ്കിലും അവസാനിപ്പിക്കണമെ ങ്കിൽ ക്രിസ്തുവിനെ ലഭിച്ചിട്ടുള്ള ഓരോരുവനും മറ്റുള്ളവർക്ക് ക്രിസ്തു വിനെ കാണിച്ചുകൊടുക്കേണ്ടിയിരി ക്കുന്നു. ആരാധനയിലേക്കും സഭ യുടെ മറ്റ് പ്രവർത്തന മണ്ഡലങ്ങളി ലേക്കും നമ്മുടെ സുഹൃത്തുക്കളെ നമുക്ക് ക്ഷണിച്ചുകൊണ്ടുവരാൻ സാധിക്കും. എമ്മവൂസിലേക്ക് പോയ ശിഷ്യൻമാർ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ അറിഞ്ഞു കഴിഞ്ഞ പ്പോൾ ആ യാഥാർത്ഥ്യം മറ്റ് അപ്പോ സ്തോലൻമാരെ അറിയിക്കുവാൻ യെരുശലേമിലേക്കു തിരിച്ചുപോകു ന്നതുപോലെ ക്രിസ്തു നമ്മിൽ ജീവി ക്കുന്നെങ്കിൽ ആ ക്രിസ്തുവിനെ മറ്റു ള്ളവരോടും സാക്ഷിക്കുവാൻ സാ ധിക്കും.

**പരസ്പര സ്നേഹം**

ദൈവത്തേയും മറ്റുള്ളവരേയും സ്നേഹിക്കുക. ക്രിസ്തീയ പ്രമാണ ങ്ങളെയെല്ലാം കൂടെ ഒരു വാക്കിൽ ഒതുക്കിയാൽ അത് സ്നേഹം എന്ന വാക്കാണ്. ദൈവം ലോകത്തെ അഥ വാ മനുഷ്യനെ സ്നേഹിച്ചു. ആ സ് നേഹത്തിന്റെ വെളിപ്പെടൽ ആണ് ദൈവത്തിന്റെ മനുഷ്യാവതാരവും ക്രൂശുമരണവും. അതുകൊണ്ട് ദൈവ മക്കൾക്ക് സ്നേഹ സ്വരൂപനായ ദൈവത്തെ സ്നേഹിക്കാതിരിക്കാൻ സാധിക്കുകയില്ല. ദൈവത്തെ സ്നേ ഹിക്കുന്ന ഒരാൾക്ക് മാത്രമെ മറ്റുള്ള വരെ യഥാർത്ഥമായി സ്നേഹിക്കു വാൻ കഴിയൂ. കൂട്ടുകാരനുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നതാണ് യഥാർത്ഥ സ്നേഹമായി കർത്താവു കാണുന്നത്. സമ സൃഷ്ടങ്ങളോടുള്ള ഉത്തരവാദിത്തങ്ങളും കഷ്ടപ്പാടു കളും മറന്ന് ക്രിസ്തീയ ജീവിതം സാദ്ധ്യമല്ല. മറ്റുള്ളവർക്കു വേണ്ടി ചെയ്യുന്ന സഹായങ്ങൾ, അത് എന്തു തന്നെ ആയാലും, കർത്താവിനു വേണ്ടി ചെയ്യുന്നതായി കണക്കാക്ക പ്പെടുന്നു.

ദൈവത്തെ സ്നേഹിക്കുകയും സഹോദരനെ വെറുക്കുകയും ചെ യ്യുക അസാദ്ധ്യമാണ്. വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറയുകയും സ ഹോദരനെ പകയ്ക്കുകയും ചെയ്യു ന്നവൻ ഇന്നോളം ഇരുട്ടിൽ ഇരിക്കു ന്നു. സഹോദരനെ സ്നേഹിക്കുന്ന വർ, വെളിച്ചത്തിൽ വസിക്കുന്നു. (1 യോഹ 2:9, 10) . ശത്രുക്കളെ സ്നേ ഹിക്കുവാൻ ഉള്ള കല്പന പ്രായോ ഗികമാക്കുക എന്നത് ഒരു ക്രിസ്ത്യാ നിയുടെ ചുമതയാണ്. മറ്റുള്ളവരോട് ക്ഷമിക്കുവാൻ സാധിക്കാത്ത ഒരുവ ന് ദൈവത്തിൽ നിന്ന് ക്ഷമ യാചിക്കു വാൻ അവകാശം ഇല്ല. സഹോദര നോട് വൈരാഗ്യവും, വെറുപ്പും വച്ചു പുലർത്തുന്നവർക്ക് ആത്മീക വളർ ച്ച ലഭ്യമാകുകയില്ല. ഇങ്ങനെയുള്ള വർ കാര്യങ്ങളെ യഥാർത്ഥമായി മന സ്സിലാക്കുകയോ, ന്യായമായി ചിന്തി ക്കുകയോ ചെയ്യുന്നില്ല. വ്യക്തി വൈരാഗ്യങ്ങൾ വളർന്ന് ഇടവക യിലും സഭയിലും പിളർപ്പുകൾ ഉണ്ടാ ക്കുന്ന സ്ഥിതി വിശേഷങ്ങൾ സംജാ തമാക്കുന്നു. ഇങ്ങനെയുള്ളവരെ ക്രിസ്ത്യാനികൾ എന്നു പറയുന്നതു തന്നെ അപമാനകരമാണ്.

## സെമിനാർ നടക്കുന്നു

'മോശമായ വിജ്ഞാനപ്രകടനം ഒരു ചികിത്സാപരിപ്രേക്ഷ്യം' (Poor Scholastic performance- A clinical Perspective) എന്ന വിഷയം ആസ്പദമാക്കി വടകര സന്തുല ട്രസ്റ്റ് ആശുപത്രിയുടെ ആഭിമുഖ്യത്തിൽ 2013 ഡിസം ബർ 8-ാം തീയതി ഒരു ചർച്ചാ സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നു. ഉച്ചയ്ക്കു മുമ്പ് 11 മണിക്ക് ആരംഭിക്കുന്ന സമ്മേളനത്തിലേക്കുള്ള പ്രവേ ശന രജിസ്ട്രേഷൻ രാവിലെ 9.30 ന് തുടങ്ങും. കോട്ടയം ജില്ലാ വിദ്യാ ഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ ജസ്സി ജോസഫ് ഉദ്ഘാടനകർമ്മം നിർവ്വ ഹിക്കുന്ന പ്രസ്തുത സെമിനാറിൽ അഞ്ചു ക്ലാസ്സുകൾ ഉണ്ടായിരിക്കും. അവയഥാക്രമം ആലപ്പുഴ മെഡിക്കൽ കോളജ് സൈക്കിയാട്രി വിഭാഗം തലവൻ ഡോ. വർഗീസ് പുന്നസ്, സന്തുല ട്രസ്റ്റ് ആശുപത്രിയിലെ മുഖ്യ സൈക്കിയാട്രിസ്റ്റ് ഡോ.നിഷാദ് കോയ. സന്തുല ഹോസ്പിറ്റൽ ഡയറ ക്ടറും ക്ലിനിക്കൽ സൈക്കോളജിസ്റ്റുമായ ഫാ.എഡ്വേർഡ് ജോർജ്, ശാലിനി ജൂലി മാത്യു, ദീപ്തി കൃഷ്ണൻ എന്നിവർ നയിക്കും. ഓരോ ക്ലാസിന്റെയും അവസാനം സദസ്യർ പങ്കെടുക്കുന്ന ചർച്ചയും നടക്കും. സമാപന സമ്മേളനം വൈകുന്നേരം 3.30 ന് ആരംഭിച്ച് 4 ന് സമാപി ക്കും. ശിശുരോഗവിദഗ്ദ്ധർ, സൈക്കിയാട്രിസ്റ്റ്സ്, മന:ശാസ്ത്രജ്ഞർ, അധ്യാപകർ എന്നിവരടങ്ങുന്ന 200 പ്രത്യേക ക്ഷണിതാക്കളാണ് സെമി നാറിൽ പങ്കെടുക്കുക.

**വൈദ്യം**

# നേത്രവരൾച്ചാരോഗം (Dry Eye Syndrome)

എലിസബത്ത് ബിജോയ്

നേത്രവരൾച്ച ഇപ്പോൾ സാധാരണമായിത്തീർന്നിട്ടുള്ള ഒരു രോഗമാണ്. പൊടിയും പുകയും വിഷവാതകങ്ങളും കൊണ്ട് കൂടുതൽ മലിനമായിക്കൊണ്ടിരിക്കുന്ന അന്തരീക്ഷം അതിനു സഹായകമാണെന്ന് കരുതേണ്ടിയിരിക്കുന്നു. അല്പം പ്രത്യേകശ്രദ്ധകൊണ്ട് ഒരു വലിയ പരിധിവരെ ഈ രോഗം പരിഹരിക്കാവുന്നതേയുള്ളൂ.

കണ്ണുകൾ നമുക്ക് ലോകത്തെ നോക്കിക്കാണുന്നതിനുള്ള ശരീരത്തിന്റെ ജനലുകളാണ്. അവ പ്രവർത്തനരഹിതമായാൽ അസ്വസ്ഥതയാണ് ഫലം. അതുവഴി വസ്തുക്കളുടെ നിറവും രൂപവും വലുപ്പവുമെല്ലാം കണ്ട് വ്യക്തമായി മനസ്സിലാക്കുവാനുള്ള കഴിവ് നഷ്ടപ്പെടുന്നു. അതിനാൽ കണ്ണുകളുടെ ആരോഗ്യത്തിൽ പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടതുണ്ട്. മാത്രമല്ല, കണ്ണ് എളുപ്പം കേടുപറ്റാവുന്ന, മൃദുല ബാഹ്യാവയം കൂടിയാണ്. തന്മൂലം മറ്റ് അവയവങ്ങളെ അപേക്ഷിച്ച് പ്രത്യേക കരുതൽ കണ്ണിന്റെ കാര്യത്തിൽ ഉണ്ടായിരിക്കണം.

കണ്ണിനുണ്ടാകാവുന്ന ഒരു സാധാരണ പ്രശ്നമാണ് അതിന്റെ വരൾച്ച. കുറഞ്ഞ അളവിലുള്ള കണ്ണുനീർ ഉല്പാദനത്തിന്റെയോ ഉയർന്ന തോതിലുള്ള അതിന്റെ ബാഷ്പീകരണത്തിന്റെയോ ഫലമാണ് അത്. നേത്രാസ്വസ്ഥതക്ക് അതു കാരണമാകുന്നു. തന്മൂലം കണ്ണിന്റെ വഴുതൽ നഷ്ടപ്പെടുകയും ഘർഷണം വർദ്ധിക്കുകയും തിളക്കം കുറയുകയും ചെയ്യും. കണ്ണിൽ കരികരിപ്പും പുകച്ചിലും അനുഭവപ്പെടും. നേത്രഗോളങ്ങളുടെ ചലനം സ്നിംഗ്ദ്ധതക്കുറവുമൂലം വേദനയുണ്ടാക്കുകയും ചെയ്യും.

കണ്ണിന് നനവും സ്നിഗ്ദ്ധതയും നൽകുന്നത് അതിന്റെ ഉപരിഭാഗത്തു സ്ഥിതിചെയ്യുന്ന അശ്രുഗ്രന്ഥി സ്രവിപ്പിക്കുന്ന കണ്ണുനീർ (അശ്രു) ആണ്. സദാസമയവും ഉല്പാദിപ്പിക്കപ്പെടുന്ന ഈ ദ്രവം നേത്രഗോളത്തെ നനവും വഴുവഴുപ്പുമുള്ളതാക്കുന്നു. അത് കണ്ണിന്റെ ചലനം ഉരസലുണ്ടാക്കാതെ സുഗമമാക്കുന്നു. കണ്ണുനീരിലെ അമ്ലാംശം രോഗാണുക്കളെ കൊല്ലാനും കണ്ണിൽ ക്കൂടെയുള്ള രോഗബാധ തടയാനും സഹായിക്കുന്നു.


കണ്ണുനീരിന്റെ ഉല്പാനം കുറയുകയോ നിലയ്ക്കുകയോ ചെയ്യുമ്പോൾ നേത്രവരൾച്ചയുണ്ടാകുന്നു. ഇത് ഏതുപ്രായക്കാർക്കും ഉണ്ടാകാം. മാത്രമല്ല, മറ്റുരോഗങ്ങൾ ഒന്നുമില്ലാത്തവർക്കും വരാം. എന്നിരുന്നാലും അശ്രുഗ്രന്ഥിയുടെ പ്രവർത്തനം താരതമ്യേന കുറയുന്ന വാർദ്ധക്യത്തിലെത്തിയവരെയാണ് ഈ രോഗം അധികമായി ബാധിക്കുന്നത്.


**രോഗകാരണങ്ങൾ**

കണ്ണുനീരിന്റെ ഉല്പാദനക്കുറവോ അതിന്റെ അമിതമായ ബാഷ്പീകരണമോ രണ്ടും ചേർന്നതോ ആണ് നേത്രവരൾച്ചയ്ക്ക് കാരണം. അശ്രുഗ്രന്ഥിയിലെ അണുബാധയോ നിർമ്മാണഘടകങ്ങളുടെ അപര്യാപ്തതയോ ആകാം ഉല്പാദനക്കുറവിന് ഹേതു. അന്തരീക്ഷോഷ്മാവിന്റെ ഉയർച്ച, വരണ്ടതും കാറ്റുള്ളതുമായ അന്തരീക്ഷം, പുക, ക്ലിന്നതക്കുറവ്, മറ്റുകാലാവസ്ഥാവ്യതിയാനങ്ങൾ, അന്തരീക്ഷമാറ്റങ്ങൾ, താമസസ്ഥലത്തിന്റെ ഉന്നതി എന്നിവയും നേത്രവരൾച്ചയുണ്ടാക്കാം. നീണ്ട വായന, വണ്ടിയോടിക്കൽ, കമ്പ്യൂട്ടറിനു മുമ്പിലെ ജോലി എന്നിവയ്ക്കിടയിൽ കണ്ണുചിമ്മുന്നതു കുറയുന്നതും കണ്ണ് ഉണങ്ങുന്നതിനു കാരണമാകാം. ഇവയ്ക്കെല്ലാം പുറമേ ചില മരുന്നുകൾ കഴിക്കുന്നതും കണ്ണുനീരുല്പാദനം കുറയ്ക്കുകയും കണ്ണിനെ ശുഷ്ക്കമാക്കുകയും ചെയ്യുന്നതായി തെളിഞ്ഞിട്ടുണ്ട്.

**രോഗലക്ഷണങ്ങൾ**

കണ്ണുനീരിന്റെ കുറവുമൂലം നേത്രഗോളങ്ങൾക്ക് നനവും സ്നിഗ്ദ്ധതയും ലഭിക്കാതെ വരുമ്പോൾ കണ്ണിൽ വേദനയും, പുകച്ചിലും ചൊറിച്ചിലും പ്രകാശത്തിലേക്ക് നോക്കാൻ വൈഷമ്യവും അനുഭവപ്പെടും. കൂടാതെ നേത്രപാടയിൽ ഉരസൽ ഉണ്ടാകുന്നതിനാൽ കണ്ണുകൾ ചുവക്കുകയും കൺപോളകൾക്കുള്ളിലെ ശ്ലേഷ്മസ്തരത്തിന് കേടുപറ്റുകയും ശ്ലേഷ്മോല്പാദനം കുറയുകയും കാഴ്ച വികലമാമാകുകയും ചെയ്യും. ലെൻസ് ഉപയോഗിക്കുന്നവരാണെങ്കിൽ അവ അണിയുമ്പോൾ അസ്വസ്ഥത തോന്നും.





കവിത

# ശീമോനും മറിയവും

ഡോ. ചാണ്ടി പോൾ

അന്നു ശീമോന്റെ മോഹനമേടയിൽ
വന്നുചേർന്ന വിനീതനാം ദേവനെ
വേണ്ടതുപോലുപചരിക്കാതയാൾ
ചൂണ്ടിയത്രേയിരിപ്പിടം കാട്ടുവാൻ!
"തച്ചനിങ്ങുവന്നോട്ടെ കാണട്ടെയെൻ
മെച്ചമായുള്ള മേടയും മോടിയും
പിന്നെയല്പം വിശിഷ്ടഭോജ്യങ്ങളും
തിന്നുവേഗം തിരിച്ചുപൊയ്ക്കൊള്ളട്ടെ.
ആളുകൾക്കമൃതേകും പ്രഭാഷണ-
മേളകൾ നടത്തീടുവോനാണുപോൽ!
ആളിനിയും വളർന്നുയർന്നീടുകിൽ
നാളെ നാടിന്റെ നേതൃത്വമാളുകിൽ
വേണമിത്തിരി സ്വാധീനമെന്നേതു
പാണിയുമെന്റെ പാദം പണിയണം
ഉന്നമോടും മൃഗത്തിൽ കുറിക്കവേ
മുന്നിലായ് മുഴം മൂന്നു വിട്ടീടണം"
ഇശ്ശ്രമണ*വിചാരം വളരവേ
വൈശ്രവണൻ വിളിച്ചു (ക്ഷണിച്ചുവോ?)

ചന്ദ്രകാന്തസമാനസൗധം ശര-
ച്ചന്ദ്രികച്ചാറണിഞ്ഞുനിന്നീടവേ
എത്തിയത്താഴമുണ്ണാൻ (വിരുന്നിന)-
ല്ലുത്തമൻ, നിത്യതൃപ്ത, നിരുന്നതും
ആ യഹൂദപ്രഭുവിൻ മനോഹര-
മായികാമണിമേടയിൽ ഭോജന-
ശാലയിൽ വിളിക്കാതെ വന്നെത്തിയ
നീലനീൾമിഴിയാളെക്കടാക്ഷിച്ചു
നിർന്നിമേഷം മരുവും സദസ്സിനെ
ഒന്നു നോക്കാതെ, പുഞ്ചിരിക്കൊള്ളാതെ,
ഈറനായ തൻ കൺകൾ തുടച്ചവൾ
നീറുമാത്മാവിനാലേപമേകിടും
ദേവനെച്ചെന്നു വന്ദിച്ചുനിന്നതും
താവുമാദരവോടെ പരിമള-
തൈലഭാജനം കാൽക്കലർപ്പിച്ചതും
ലോലചിത്തയായ്ത്തേങ്ങിക്കരഞ്ഞതും
കാരുണികൻ സമാശ്വസിപ്പിച്ചതും
നരികോരിത്തരിച്ചോർത്തു നിന്നുപോയ്!

ചെയ്തതെറ്റിൽ മനംതപിച്ചന്നവൾ
പെയ്ത കണ്ണീരുവീണ തൃക്കാലുകൾ
വാരസുന്ദരി വാർകൂന്തലാൽത്തുട-
ച്ചാരുടെ പാദപങ്കജം പുൽകിയോ,
അത്തിരുമേനി ക്രൂശിതൻ, കല്ലറ
യ്ക്കുള്ളിൽ വിശ്രാന്തികൊള്ളുന്നു, സന്തപ്ത
രാത്രിയാമങ്ങളെണ്ണിക്കഴിച്ചവൾ
ആർത്തചിത്തയായെത്തി പിറ്റേദിനം.
കല്ലുമൂടിയ കല്ലറയ്ക്കന്തികേ
കണ്ണുനീർപ്പൂക്കൾ തപ്തനിശ്വാസവും
തർപ്പണം ചെയ്കെയോർത്തു: സ്വയമെന്നേ-
യർപ്പണം ചെയ്തു കർത്തൃപാദങ്ങളിൽ!
അല്ലലാർന്നവളെത്തി പിറ്റേന്നു, മ-
മക്കല്ലറ ശൂന്യ!മെങ്കിലും കണ്ണുകൾ
തെല്ലുമെല്ലെത്തിരുമ്മി വീണ്ടും നോക്കി;
ഇല്ല, കണ്ടില്ലവിടെത്തിരുവുടൽ!
"തേടുവതാരെ, നീ മരണത്തിന്റെ
തോടുപൊട്ടിച്ചു പോയോനെയെന്തിനി-
ങ്ങീശവപ്പറമ്പിങ്കൽത്തിരയുന്നു?"
യേശുവിൻമൊഴി, മുന്നിലാ രൂപവും!

*ശ്രമണം : നീചമായ

---

കണ്ണിൽപീളകെട്ടുകയും രാവിലെ ഉണരുമ്പോൾ കണ്ണ് തുറക്കാൻ പ്രയാസമുണ്ടാവുകയും ചെയ്യും.

**പ്രതിരോധ നടപടികൾ**

കണ്ണുകൾ ഇളംചൂടുള്ള വെള്ളം കൊണ്ട് കൂടെക്കൂടെ കഴുകി വൃത്തിയാക്കുക. ആ വെള്ളത്തിൽ വൃത്തിയുള്ള തുണി മുക്കി കൺപോളകളിലും പീലികളിലും പറ്റിപ്പിടിച്ചിരിക്കാൻ ഇടയുള്ള പീള നീക്കം ചെയ്യുക. വൃത്തിയാക്കിയ കൈവിരൽ കൊണ്ട് കൺപോളകളെ വൃത്താകൃതിയിൽ മന്ദമായി തിരുമ്മുക. ഇത് കൺപോളകൾക്കുള്ളിലെ ശ്ലേഷ്മ ഗ്രന്ഥികളിൽ നിന്നുണ്ടാകുന്ന കുറുകിയ ശ്ലേഷ്മത്തെ നീക്കം ചെയ്യാൻ സഹായിക്കും. കഴിവതും കണ്ണിൽ കാറ്റും പൊടിയും തട്ടാതിരിക്കുന്നതിന്, പ്രത്യേകിച്ചും യാത്രാവസരങ്ങളിൽ, വളഞ്ഞ ചില്ലോടുകൂടി കണ്ണട ധരിക്കുക, കമ്പ്യൂട്ടർ ഉപയോഗിക്കുന്നവർ അതിന്റെ മോണിട്ടർ കൺനിരപ്പിന് അല്പംതാഴെ ക്രമപ്പെടുത്തി വയ്ക്കുക. ഭക്ഷണത്തിൽ വാസാമ്ലങ്ങൾ വേണ്ടത്ര ലഭിക്കുന്നതിനുതകുന്ന മത്സ്യ എണ്ണകൾ, സോയാബീൻ, ഒലീവ് എണ്ണ മുതലായവ ഉൾപ്പെടുത്തുക.

കണ്ണുകളുടെ പോഷണക്രിയയിൽ 20 ശതമാനവും സംഭവിക്കുന്നത് കണ്ണുനീരിൽകൂടിയാണ്. അതിനാൽ കണ്ണിന്റെ സ്നിഗ്ദ്ധതയ്ക്കും തിളക്കത്തിനും മാത്രമല്ല, അതിന്റെ പോഷണത്തിനും അശ്രുഗ്രന്ഥികളുടെ ആരോഗ്യസംരക്ഷണവും അശ്രുസാന്നിധ്യവും ആവശ്യമാണെന്ന കാര്യം വിസ്മരിക്കരുത്.

*(ഡോ. രാഹുൽ വേണുഗോപാലിന്റെ ഇംഗ്ലീഷ് ലേഖനത്തോട് കടപ്പാട്)*

**ദർപ്പണം**

# സമർപ്പിക്കൂ.... അംഗീകരിക്കൂ....

**കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ**

**ചെ**റുതും വലുതുമായി ഈ പ്രപഞ്ചത്തിൽ നിലകൊള്ളുന്നതിലെല്ലാം ഈശ്വരന്റെ നാദം അടങ്ങിയിരിക്കുന്നു. മഹത്തായ ഈ സത്യം നാം ഉൾക്കൊള്ളുക. ഉദാഹരണം: മിഠായിഭരണികളിലെ വ്യത്യസ്ത നിറങ്ങളിലും രൂപത്തിലും പൊതിഞ്ഞിരിക്കുന്ന മിഠായി, വർണ്ണക്കടലാസുകൾ പുറമേ മാത്രം. ഉള്ളിൽ മധുരമൂറുന്ന ചോക്ലേറ്റാണ്. പലതരം വർണ്ണക്കടലാസുകൾ കൊണ്ട് ആവരണം ചെയ്യപ്പെട്ട ഈശ്വരചൈതന്യമാണ് നാം ഓരോരുത്തരും. നമ്മുടെ ചുറ്റുമുള്ളത് ആ ചൈതന്യത്തിന്റെ ഭാഗമാണ് എന്ന തിരിച്ചറിവ് ലഭിക്കുമ്പോൾ പിന്നെ പുറമോടികളിൽ ഒരിക്കലും നാം ആകൃഷ്ടരാവുകയില്ല. ഈ പുറം മോടികളിലോ, വർണ്ണവൈവിദ്ധ്യങ്ങളിലോ എന്തിരിക്കുന്നു? പുറം ചുവപ്പോ നീലയോ ആകട്ടെ, ഉള്ളിലെ ഈശ്വരചൈതന്യം ഏകമാണ്. ആകൃതിയിലും വലിപ്പത്തിലും മാത്രമേ വ്യത്യസ്തത ഉണ്ടാവുകയുള്ളൂ. ഈ കാണുന്നതും കേൾക്കുന്നതും ഈശ്വരന്റെ ചൈതന്യവും ശബ്ദവുമാണ്. ഇന്നു കമ്പോളത്തിൽ പല ആകൃതിയിൽ ബിസ്ക്കറ്റുകൾ ലഭ്യമാണ്. എന്നാൽ അവ കാഴ്ചയിൽ മാത്രമാണ് വ്യത്യസ്തമാകുന്നത്, വൈവിധ്യമുള്ളൂ. എല്ലാം ബിസ്ക്കറ്റുതന്നെയാണ്.

ഉപനിഷത്തിൽ പറയുന്നുണ്ട്.

ഈശാവാസ്യമിദം സർവ്വം
യത് കിഞ്ച ജഗത്യാം ജഗത്
യേന ത്യക്തേന ഭുജീതാമാഗ്രുധാ..

ഈ പ്രപഞ്ചത്തിൽ ജീവനുള്ളതിന്റെയെല്ലാം ഉള്ളിൽ ദൈവീക ചൈതന്യം വസിക്കുന്നു. ആദ്യം സമർപ്പിക്കൂ. പിന്നെ അംഗീകരിക്കൂ. മറ്റുള്ളവരുടേതൊന്നും ആഗ്രഹിക്കരുത്. വിശുദ്ധിയുടെ ഒരു ഹരിത കാലം നമ്മിൽ ഉടലെടുക്കട്ടെ.

ജീവനുള്ള എല്ലാവസ്തുക്കളിലും ഈശ്വരൻ കുടികൊള്ളുന്നു എന്നുവിചാരിച്ച് ഏതെങ്കിലും ഒന്നിനോട് അമിതമായ ആഗ്രഹം തോന്നി സ്വന്തമാക്കാൻ വ്യഗ്രതപ്പെടുന്നുവെങ്കിൽ അത് മതിഭ്രമത്തിൽ അവസാനിക്കും. ദുരിതമായിരിക്കും ഫലം. അതിന് നാം എന്താണ് ചെയ്യേണ്ടത്? സ്വയം സമർപ്പിക്കുക. നമ്മുടേത് എന്നു കരുതുന്നത് മാത്രമേ നമുക്ക് സമർപ്പിക്കാൻ കഴിയൂ. അല്ലേ? എന്താണ് നമുക്ക് ത്യജിക്കുവാൻ കഴിയുക? നമ്മുടേത് മാത്രമെന്ന് കരുതി നാം മുറുകെ പിടിക്കുന്നതു മാത്രമേ ത്യജിക്കാനും കഴിയുകയുള്ളൂ. ഏതൊന്നിനെയാണോ നമ്മൾ സ്വന്തമെന്നു കരുതി കൂടുതൽ മുറുകെ പിടിക്കുന്നത് അത് ആസ്വദിക്കുവാനേ കഴിയുകയില്ല. ഉദാഹരണത്തിന് നമ്മുടെ കൈവെള്ളയിൽ ഇരിക്കുന്ന ചോക്ലേറ്റ് മുറുകെ പിടിച്ച് എന്റേത് എന്റേത് എന്നു പറഞ്ഞിരുന്നാൽ എന്താ സംഭവിക്കുക? ഒരു പ്രയോജനവും ഇല്ല. അത് എത്ര വിലകൂടിയതും മധുരമുള്ളതും ആയാൽ പോലും. എന്നാൽ കഴിച്ചാലോ? മിഠായി നുണഞ്ഞ് തീരുന്ന നിമിഷം എല്ലാം കഴിഞ്ഞു. പക്ഷേ, അതിൽ നിന്ന് ലഭിക്കുന്നത് സന്തോഷവും ആത്മസംതൃപ്തിയും അത് നൽകുമ്പോൾ മാത്രമേ ലഭിക്കുകയുള്ളൂ. സ്വന്തമെന്നു കരുതി കയ്യടക്കി വെയ്ക്കുമ്പോഴും ആർക്കും കൊടുക്കാതിരിക്കുമ്പോഴും അതുകൊണ്ട് നമുക്ക് ഒരു പ്രയോജനവുമില്ല. നമ്മൾ അത് നന്നായി കാണുന്നില്ല, അറിയുന്നില്ല, ആസ്വദിക്കുന്നുമില്ല. ആദ്യം സമർപ്പിക്കൂ. അതിനുശേഷം സ്വീകരിക്കൂ. ഏതെങ്കിലുമൊന്ന് ഈശ്വരന് സമർപ്പിച്ചു കഴിഞ്ഞ് അത് തിരികെ ലഭിക്കുന്നത് നൽകിയ വസ്തുവായിട്ടല്ല പ്രസാദമായിട്ടാണ്. അതായയത് അത് ഈശ്വരന്റെ സമ്മാനമാകുന്നു.

ഈശ്വരസമ്മാനങ്ങളിൽ ഒന്നിന്മേലും നമ്മൾക്ക് അവകാശമില്ല. നമ്മുടെ നേട്ടമെന്നോ സ്വന്തമെന്നോ കരുതി നാം കയ്യടക്കിവയ്ക്കുന്നതിലൊന്നിലും നമുക്ക് സന്തോഷം കണ്ടെത്താൻ സാധിക്കുകയില്ല, അതിൽ ആസ്വാദനവുമില്ല. എന്നാൽ അവയെ പ്രസാദമായി, സമ്മാനമായി തിരികെ ലഭിക്കുമ്പോൾ നമ്മൾ യഥാർത്ഥത്തിൽ അനുഗൃഹീതരായിത്തീരുന്നു.

'എന്റെ മകൻ, എന്റെ മകൻ' എന്നു ചിന്തിച്ചിരിക്കുന്നവർക്ക് ആ മകനിൽ നിന്നു ലഭിക്കുന്നത് ദുഃഖമായിരിക്കും. ഹൈന്ദവപുരാണങ്ങളിൽ പറയുന്നതുപോലെ ശ്രീരാമചന്ദ്രനെപ്പോലെയും, ശ്രീകൃഷ്ണനെപ്പോലെയും ഉള്ളവരുടെ മാതാപിതാക്കന്മാർക്ക് ലഭിച്ചത് സമൂഹത്തിൽ പ്രഥമസ്ഥാനമായിരുന്നില്ല. പകരം എതിർപ്പും ആക്ഷേപങ്ങളുമായിരുന്നു. അതുപോലെ നമ്മുടെ പാപങ്ങൾക്കുവേണ്ടി ഈ ലോകത്ത്

## അറിയിപ്പ്

രണ്ടുവർഷത്തേയ്ക്ക് വരിസംഖ്യ അടച്ചിട്ടുള്ള ബഹുഭൂരിഭാഗം പേരുടെയും കാലാവധി കഴിഞ്ഞിരിക്കുകയാണ്. ദയവായി അത് പുതുക്കുക. 1000 രൂപ അടച്ച് ആയുഷ് ക്കാല വായനക്കാരാകുവാൻ ശ്രമിക്കുക.

**ബുള്ളറ്റിൻ വരിസംഖ്യ നിരക്ക്**

| | |
|---|---|
| 1 വർഷത്തേക്ക് | - 100 രൂ. |
| ആയുഷ്ക്കാലം | - 1000 രൂ. |
| വിദേശത്ത് | - 4000 രൂ. (100 ഡോളർ) |

**സാരോപദേശം**

# സ്നേഹം പൂർണ്ണമല്ല...

ഒരിക്കലും പൂർണ്ണമാകാത്തതാണ് സ്നേഹം. ഒരു കാര്യം പൂർത്തിയായി എന്നുപറഞ്ഞാൽ അതിന്റെ പരിമിതികൾ മനസ്സിലാക്കി അതിരുകൾ തിരിച്ചറിഞ്ഞു എന്നാണർത്ഥം. സ്നേഹം അനന്തമാണ്. അത് അനന്തമാകുക തന്നെവേണം. അതിന് വിരാമമുണ്ടാകരുത്. അവിരാമം തുടരുന്നത് എന്താണോ അതാണ് അനന്തമായിത്തീരുന്നത്. അനന്തമായ രീതിയിൽ പ്രകടമാകുന്നതാണ് സ്നേഹം. നാം ദൈവത്തെ സ്നേഹിക്കുന്നു എന്നതിന്റെ അർത്ഥം (ദൈവം പ്രതിനിധാനം ചെയ്യുന്ന) ഗുണങ്ങളെ ഉൾക്കൊള്ളുന്നു എന്നതാണ്. ഈശ്വരൻ സമാധാനമാണ്, നീതിയാണ്, അതിലുപരി സംരക്ഷകനാണ്. ഈ ഗുണങ്ങളെയാണ് നാം ദൈവം എന്നു വിളിക്കുന്നത്. ഈ ഗുണങ്ങളെ നാം നമ്മുടെ ബോധത്തിൽ സ്വാംശീകരിക്കാറുണ്ട്. എന്നാൽ ചിലപ്പോൾ ഈ ഈശ്വരീയഗുണങ്ങൾ ഉൾക്കൊള്ളാനാകാത്തവിധം നമ്മുടെ മനസ്സ് വളരെ ചെറുതായി ചുരുങ്ങിപ്പോകാറില്ലേ?

എന്നാൽ ഹൃദയത്തിൽ ഇവയെ സ്വീകരിക്കാൻ സാധിക്കാത്തതാണെങ്കിലും നമ്മിലെ ബോധത്തിൽ അവ ഉജ്ജ്വലമായി നിലകൊള്ളുന്നുണ്ട്. ആരിലും എന്തിലും ഈ ഗുണപരത ദർശിക്കുമ്പോൾ നാം അറിയാതെ നമ്മിലെ ബോധം അവയെ ദീപ്തമാക്കും. അതാണ് യഥാർത്ഥത്തിൽ ദിവ്യസ്നേഹം, ഈശ്വരഭക്തി.

സാധാരണയായി ഒരാളിലെ നിഷേധഗുണങ്ങൾ കാണാനും അത് പാടിനടക്കാനുമാണ് നമുക്ക് താല്പര്യം. ഉള്ളിൽ ആ ദിവ്യസ്നേഹത്തിന്റെ നാളം കെട്ടുതുടങ്ങുമ്പോൾ അത് കരിന്തിരി കത്തുമ്പോൾ ദൈവത്തിൽ പോലും നാം നിഷേധഗുണങ്ങൾ കാണാൻ തുടങ്ങും. സ്നേഹമില്ലാത്ത മനസ്സാണ് മറ്റൊരാളിലെ നിഷേധങ്ങളെ കണ്ടെത്തുക. മനസ്സ് വികസിതമാകുമ്പോൾ നാം ദിവ്യസ്നേഹത്തിൽ ജീവിച്ചുതുടങ്ങുമ്പോൾ സഹോദരന്റെ സത്ഗുണങ്ങൾ മാത്രമേ നാം കാണുകയുള്ളൂ. കൂടാതെ അവയെ പരിപോഷിപ്പിക്കുകയും കൂടുതൽ പ്രകാശപൂരിതമാക്കുകയും ചെയ്യുന്നു. ഒപ്പം അവയിൽ ആഹ്ലാദം കണ്ടെത്തുകയും ചെയ്യുന്നു. യേശുക്രിസ്തു പറഞ്ഞത് ഇതുതന്നെയാണ്. "സഹോദരൻ നിന്നോട് എന്തു ചെയ്യണമെന്ന് നീ കരുതുന്നുവോ അവ നീ അവനോട് ചെയ്യുവിൻ." ഇവയൊക്കെ വേണമെന്ന് സത്യസന്ധമായി നാം ആഗ്രഹിച്ചാൽ എല്ലായിടത്തും നമുക്ക് ഇവയെ ദർശിക്കാൻ സാധിക്കും.

---

ജീവിച്ച ക്രിസ്തുവിന്റെ മാതാപിതാക്കന്മാർക്ക് മറിച്ചൊരനുഭവം ആയിരുന്നില്ല ലഭിച്ചത് എന്നതും ചിന്താവിഷയമാണ്. അതിനർത്ഥം സ്വന്തമെന്ന് നാം കരുതുന്നവയൊന്നും നമുക്ക് നമ്മൾ ഉദ്ദേശിക്കുന്ന സന്തോഷവും സംതൃപ്തിയും ലഭിക്കുമെന്ന് വിചാരിക്കേണ്ടതില്ല. നമ്മിൽ നടക്കുന്നത് എല്ലാം ദൈവീകപദ്ധതിയാണ് എന്ന തിരിച്ചറിവ് നമ്മെ കൂടുതൽ ശക്തരാക്കും. ഇയോബിന്റെ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നത് അതാണ്. ഇത്തരത്തിൽ നമ്മൾ രൂപപ്പെടുമ്പോൾ നമ്മളിൽ ദുഃഖങ്ങളുണ്ടാവുകയില്ല. നമ്മുടേതെന്ന് കരുതുന്നവയെ ദൈവസന്നിധിയിൽ സമർപ്പിക്കൂ. അതാണ് യഥാർത്ഥത്തിൽ ത്യാഗം. സക്കായിയോട് കർത്താവ് ഇവനും അബ്രഹാമിന്റെ പുത്രനായതുകൊണ്ട് ഇന്ന് ഈ ഭവനത്തിന് രക്ഷയുണ്ടായി എന്ന് പറയുന്നത് ഈ ത്യാഗത്തിന്റെ ഫലമാണ്. ഈ പ്രപഞ്ചത്തെ സൃഷ്ടിക്കാൻ ജഗദീശ്വരന് സാധിക്കുമെങ്കിൽ അതിലെ വെറും പുൽക്കൊടിയായ നമ്മൾ എത്രയോ നിസ്സാരരെന്ന് ഒന്ന് ചിന്തിക്കുക. നമ്മിലെ ഈ നിസ്സാരതയെ ദൈവം കാണുന്നത് പൂർണ്ണതയിലാണ്. ആയതിനാൽ നാം മുന്നമേ നമുക്കുള്ളത് സമർപ്പിക്കുക. ഇവിടെ ഒന്നും ആരുടേയും സ്വന്തമല്ല, ആരോടും അസൂയ തോന്നേണ്ടതുമില്ല. ആരേയും വെറുക്കേണ്ടതുമില്ല. കാരണം നാം ഇന്ന് ഉപയോഗിക്കുന്നത് നമ്മുടെ ശ്രമഫലമെന്ന് ഒരിക്കലും ധരിക്കരുത്. പകരം ആരൊക്കെയോ നമുക്കായി ദാനം നൽകി എന്ന് തിരിച്ചറിയണം.

നമ്മിൽ പലതും ഏറെ ദുഃഖങ്ങളും ദുരിതങ്ങളും അനുഭവിച്ചതിനുശേഷം ഈശ്വരനെ അംഗീകരിക്കാനും സമർപ്പിക്കാനും തയ്യാറാകുന്നതായി കണ്ടുവരുന്നു. ഇത് ത്യാഗമേ അല്ല. നമുക്ക് താല്പര്യമില്ലാത്തതിനെ വേണ്ട എന്ന് വയ്ക്കുന്നതും ഉപേക്ഷിക്കുന്നതും ഒരിക്കലും ത്യാഗമല്ല. കാരണം നമുക്ക് ഇഷ്ടമില്ലാത്തത് പിന്നെങ്ങനെ ത്യജിക്കും? കൂടുതൽ ഇഷ്ടപ്പെടുന്ന എന്തിനെയും ഈശ്വരന് സമർപ്പിക്കൂ. എന്നിട്ട് സ്വീകരിക്കൂ. സമർപ്പിച്ചതിനുശേഷം സ്വീകരിക്കുന്ന എന്തിനും ആസ്വാദ്യത ഏറും. സന്തോഷം വർദ്ധിക്കും. അത് മനോഹരവും ശ്രേഷ്ഠവുമാണ്. ത്യാഗം നമ്മെ ശക്തരാക്കും. ദൈവസന്നിധിയിൽ നീതിമാന്മാരാകാൻ നമ്മെ സഹായിക്കുകയും ചെയ്യും. അതിനാകട്ടെ ഇനിയുള്ള ദിനങ്ങൾ.

വേദാന്തം

# സ്നേഹാധിഷ്ഠിതമായ ജീവിതയാത്ര

**ഫാ. അബി ഉലഹന്നാൻ**

**ജീ**വിതയാത്ര മധുരതരമാക്കുന്നത് അതിന്റെ പശ്ചാത്തലത്തിൽ നിന്ന് ഉയരുന്ന സ്നേഹമത്രേ. ഒരാൾ ജനിക്കുമ്പോൾ മുതൽ ഇത് പാടിക്കൊണ്ടിരിക്കുന്നു. അയാൾ പാടിയ പാട്ടിന്റെ മാധുര്യമനുസരിച്ചാണ് ലോകം അയാളെ ശ്രദ്ധിക്കുന്നത്. ഒരാൾ സ്നേഹിക്കുമ്പോൾ അയാൾക്കും അനന്തതയ്ക്കുമിടയിലെ അകലം ഇല്ലാതാകുന്നു. "സ്നേഹത്തിന്റെ ഒരു തുള്ളിക്കുവേണ്ടി ഞങ്ങൾ ദാഹിക്കുന്നു" എന്ന് മനുഷ്യരാശി ഒന്നായി വിലപിക്കുന്നതുപോലുള്ള ഒരു കാലത്തിന്റെ ഇരുൾ മൂടിയ നാളുകളിൽ ജീവിതഗാനത്തിന്റെ ഒരു നേർത്ത ശ്രുതി പോലും നമ്മെ ജീവിതത്തോടടുപ്പിക്കുന്നു. "നിങ്ങൾ നിങ്ങളെ സ്നേഹിക്കുന്നുണ്ടോ?" ഒരാൾ സ്വയം ഈ ചോദ്യം ചോദിക്കുന്നതുപോലുമില്ല. ജനങ്ങൾ സ്വയം വെറുക്കുന്നു, സ്വയം നിന്ദിക്കുന്നു. ജനങ്ങൾ സ്വയം ജീർണ്ണിച്ചവരാണെന്ന് ചിന്തിക്കുന്നത് തുടർന്നുകൊണ്ടേയിരിക്കുന്നു. ഇത്തരമൊരാളെ മറ്റൊരാൾക്ക് എങ്ങനെ സ്നേഹിക്കാനാവും? അത്രമേൽ ജീർണ്ണിച്ച ഒരാളെ യഥാർത്ഥത്തിൽ ആർക്കും സ്നേഹിക്കാനാവില്ല. സ്നേഹമില്ലാതെ മനുഷ്യന് എങ്ങനെ ജീവിക്കാനാവും? അയാൾക്ക് നിലനിൽക്കാൻ മാത്രമേ കഴിയൂ. സ്നേഹമില്ലാതെ നിലനിന്നു പോരുന്നതിനെ 'ജീവിത'മെന്ന് പറയാനാവുമോ? തിന്നുക, കുടിക്കുക, പണിയെടുക്കുക, ഉറങ്ങുക ഇങ്ങനെ ദിനരാത്രങ്ങൾ കഴിക്കുക. ഇങ്ങനെ കഴിഞ്ഞുകൂടുന്നതിനെയത്രേ ജീവിതനമെന്ന് നാമിന്ന് വിളിക്കുന്നത്! യഥാർത്ഥത്തിൽ ഇതിനെ ജീവിതമെന്ന് പറയാമോ. സ്നേഹത്തെപ്പറ്റി കുറിച്ച് പറയപ്പെട്ടതിൽ വച്ചേറ്റവും നല്ല ക്രിസ്തുവചനം മരണത്തെക്കുറിച്ചു കൂടിയാണ്. "സ്നേഹിതനുവേണ്ടി ജീവൻ ബലികഴിക്കുന്നതിനേക്കാൾ-അതേ മരണപ്പെടുന്നതിനേക്കാൾ- വലിയ സ്നേഹമില്ല!" സ്നേഹത്തിന് ചെന്നെത്താവുന്നിടത്തോളം ദൂരം പോകാൻ അതിനെ അനുവദിച്ചതുമൂലം ഒരസുരചക്രവർത്തിക്ക് ഉണ്ടായ അന്ത്യത്തിന്റെ ഐതീഹ്യമാണല്ലോ കേരളീയരായ നാം ആഘോഷിക്കുന്ന ഓണം.

നാം ജീവിക്കുന്ന കാലത്ത് സ്നേഹം ഹൃദയത്തിൽ നിന്ന് പുറത്തുകടക്കുകയും അത് തലയിൽകുടിപാർക്കുകയും ചെയ്തിരിക്കുന്നു. ഹൃദയത്തിനുവേണ്ടി പകരം തല സ്നേഹത്തിനുവേണ്ടി നോക്കുന്നതുകൊണ്ടാണിത്. പാവം ഹൃദയം! അതിന് സ്നേഹം നഷ്ടമായി. യഥാർത്ഥ സ്നേഹം അനുഭവിക്കാനായി ഒരാൾ സ്വയം ചോദിക്കണം. എന്റെ ഹൃദയം ശുദ്ധമാണോ? അതിൽ സത്യമുണ്ടോ? ഹൃദയത്തിൽ സത്യമില്ലാത്ത സ്നേഹം, വഞ്ചിക്കാത്ത സ്നേഹമാണെന്ന് ഒരാൾ തിരിച്ചറിയുമ്പോഴേയ്ക്കും അയാൾ അതുണ്ടാക്കിയ ചതിക്കെണിയിൽ എന്നേയ്ക്കും വീണുപോയിരിക്കും. ഹൃദയത്തിൽ സത്യമില്ലാത്തതു കാരണം, സ്നേഹമില്ലാത്തതു കാരണം ഹൃദയം പൊട്ടിത്തകർന്നിരിക്കും! സത്യമാണ് സ്നേഹമാണെന്ന് കാട്ടിത്തരുന്നത്. ശരിയായ സ്നേഹം സത്യമെന്താണെന്ന് കാണിച്ചുതരുന്നു. ഇത് കാണാതെയാണ് ഒരാൾ സ്നേഹിക്കുന്നതെങ്കിൽ അമൃതിനു പകരം വിഷമാകും അയാളുടെ വായിൽ വീഴുന്നത്. ബന്ധങ്ങളൊക്കെയും ഉപരിപ്ലവമാകുമ്പോൾ, മാതൃസ്നേഹം, സോദരസ്നേഹം, സുഹൃത്സ്നേഹം ഒക്കെ ഒരു ചടങ്ങായി മാറുമ്പോൾ ഒരാൾ ഇങ്ങനെ പറഞ്ഞുപോകും. "ഞാനൊരിക്കലും ആരേയും സ്നേഹിക്കാൻ പോകുന്നില്ല. ആരും എന്നെ സ്നേഹിക്കുകയും വേണ്ട"!

സ്നേഹമറ്റ ജീവിതം വനത്തിൽ ഒരാൾ ഒറ്റപ്പെട്ടു പോകുന്നതുപോലെയാണ്. എന്ത് സംഭവിക്കും എന്ന ഭയമാണവിടെ എപ്പോഴും. ഒരിടത്തുനിന്നും ഒരു സഹായവും കിട്ടാതെ അവിടെ ഒരാൾ ഒറ്റപ്പെട്ടു പോകുന്ന സ്നേഹത്തിന്റെ ഉറവയെ തൊടാൻ ഒരാൾ അതിന്റെ മുന്നിലേക്ക് ഒഴിഞ്ഞ കയ്യോടെ പോകേണ്ടതുണ്ട്. പുസ്തകങ്ങൾക്കിത് പഠിപ്പിക്കാനാവില്ല, ഒരു ഗുരുവിനും. സ്വഭാവമൂല്യങ്ങൾ ആവശ്യമാണെങ്കിലും അത് നട്ടുപിടിപ്പിച്ചുകൊണ്ട് ഒരാൾക്ക് ഇതിലേക്ക് എത്താനും ആകില്ല. മനസ്സ് ഒഴിഞ്ഞിരിക്കുമ്പോൾ, നിശ്ചലമാകുമ്പോൾ, പാവനമാകുമ്പോൾ അതവിടെയുണ്ട്! ആഗ്രഹവും അസൂയയും സ്നേഹത്തിന്റെ ഉറവയെ തീർത്തും ഇല്ലാതാക്കുന്ന തീയാണ്. ഒരാളുടെ ഹൃദയം സ്വതന്ത്രമാകണം. ആർത്തി, വെറുപ്പ്, നിസ്സയായത, അധികാരക്കൊതി ഇവയൊക്കെ നിറഞ്ഞ മനസ്സിന്റെ ഘടന ഒരാൾ സമഗ്രമായി അറിയുമ്പോൾ ഉണ്ടാകുന്ന സ്വച്ഛമായ ഒരു ബോധത്തിൽ നിന്നത്രേ സ്നേഹത്തിലേക്ക് അയാൾ എത്തുന്നത്. അത്തരമൊരാൾക്ക് സ്നേഹമുണ്ട്, സ്നേഹിക്കുക എന്നാൽ എന്തെന്ന് അയാൾക്കറിയാം. സന്മാർഗ്ഗത്തെപ്പറ്റിയുള്ള പൊള്ളവാക്കുകൾ ഉരുവിട്ടുകൊണ്ടിരിക്കുക മാത്രം ചെയ്യുന്ന ഒരാൾക്ക് സ്നേഹമില്ല, അയാൾക്ക് സ്നേഹമെന്തെന്നറിയില്ല. നാം ദയ, സ്നേഹം, സത്യം, നന്മ ഉള്ളവരായിരിക്കണമെന്ന് എത്ര ചെറുപ്പം മുതൽ ആരെല്ലാം ചേർന്ന് നമ്മെ ഉപദേശിക്കാറുണ്ട്! പക്ഷേ അവയൊന്നും ഒരല്പം പോലും നമ്മുടെ ഉള്ളിലെത്താതെ പോയതെന്തുകൊണ്ടാണ്?

*ഗീതപഠനം*

# 'മൂശേ ആലോഹോ...'

**വി. പി.**

സാഹിത്യം - മൂശേ ആലോഹോ
മുള്ളുമര-ത്തിൽ നിന്ന്
അങ്ങുവിളിച്ചരുൾചെയ്തു
"കൂടാരത്തിൻമേലും, കൂടെയതി-ന്നുള്ളതിലും
കൈക്കണ്ടെന്നധികാരം ഹാലേലുയ്യാ- ഉഹാലേലുയ്യാ
കഹന്നൂസ നത്തുക നീ."

**വാക്കർത്ഥം :**

| | | |
|---|---|---|
| മൂശേ - മൂശയെ | - | ആലോഹോ: ദൈവം |
| അങ്ങ് | - | അങ്ങോട്ട് (അടുത്തേക്ക്) |
| അരുൾചെയ്തു | - | പറഞ്ഞു. (ആജ്ഞാപിച്ചു) |
| മുള്ളുമരം | - | മുള്ളുള്ള ചെടി, മുൾപടർപ്പ് |
| കൂടാരം | - | സമാഗമനകൂടാരം (പ്രഥമ ദൈവാലയം) |
| കൂടെ | - | ഒപ്പം |
| അതിന്നുള്ളതിലും | - | ഒപ്പം അതിന്റെ ഉള്ളിലും |
| കൈക്കൊണ്ട് | - | സ്വീകരിച്ച് |
| എന്നധികാരം | - | എന്റെ അധികാരം |
| കഹന്നൂസ് | - | ആചാര്യത്വം |
| നടത്തുക | - | നിർവ്വഹിക്കുക |

**കൂട്ടർത്ഥം :** ദൈവം മുൾപ്പടർപ്പിൽ നിന്നുകൊണ്ട് മോശയെ അടുത്തുവിളിച്ച് ആജ്ഞാപിച്ചു, "എന്റെ അധികാരം സ്വീകരിച്ച് സമാഗമന കൂടാരത്തിന് പുറത്തും അകത്തും നീ ആചാര്യത്വശുശ്രൂഷ നിർവ്വഹിക്കുക."

**സന്ദർഭം :** പട്ടക്കാരൻ സുവിശേഷഭാഗം വായിച്ചു തീർത്ത് ആശംസ നേർന്ന് കഴിയുമ്പോൾ ഗായകസംഘം (ജനം) ചൊല്ലുന്ന ഗീതമാണിത്. നാലു നിറുത്തുകളുള്ള ഈ ഗീതത്തിന്റെ ആദ്യത്തേതാണ് ഇത്.

ദൈവം തന്റെ അധികാരം മനുഷ്യനു നൽകി ആചാര്യ ശുശ്രൂഷ അവനെ ഏൽപ്പിക്കുന്നതിന്റെ അനുസ്മരണമാണ് ഈ ഗീതം.

ക്രിസ്തു നിർദ്ദേശപ്രകാരം ആചാര്യത്വം ശുശ്രൂഷയാണെങ്കിലും അതിൽ ദൈവാധികാരം അടങ്ങിയിട്ടുണ്ട് എന്ന് ഈ ഗീതം സൂചിപ്പിക്കുന്നു. ദൈവനിർദ്ദേശപ്രകാരം മനുഷ്യൻ ആദ്യമായി നിർമ്മിച്ച പള്ളി (ദൈവാലയം) ആണല്ലോ സമാഗമക്കൂടാരം. അതിനു പുറത്തും അകത്തും ആചാര്യത്വകർമ്മം-ശുശ്രൂഷ- നിർവ്വഹിക്കുവാൻ പുരോഹിതൻ കടപ്പെട്ടവനാണ്. അത് അധികാരത്തോടുകൂടിയ ശുശ്രൂഷയുമാണ്. കനാൻ ദേശത്തേക്കുള്ള ഇസ്രായേൽ ജനത്തിന്റെ യാത്രക്കിടയിൽ ദൈവ നിർദ്ദേശപ്രകാരം അവർ നിർമ്മിച്ച ആരാധനായലയമായിരുന്നു സമാഗമനക്കൂടാരം. യാത്രക്കിടയിൽ അതു മാറ്റി സ്ഥാപിക്കേണ്ടിയിരുന്നതിനാലാണ് കൂടാര രൂപത്തിലാക്കിയത്. ഇന്ന് അതിന്റെ സ്ഥാനത്ത് സ്ഥിരമായ പള്ളികളാണ്. അവയ്ക്ക് അകത്തും പുറത്തും അധികാരപൂർവ്വമായ ശുശ്രൂഷ നിർവ്വഹിക്കുന്നതിനാണ് പുരോഹിതൻ നിയോഗിക്കപ്പെട്ടിരിക്കുന്നത് എന്ന് പൗരോഹിത്യ സ്ഥാനികളെയും അല്ലാത്തവരെയും ഈ ഗീതം ഓർമ്മപ്പെടുത്തുന്നു. ക്രിസ്തു ആചാര്യത്വത്തിന്റെ അധികാര വശത്തിനേക്കാൾ ശുശ്രൂഷാ വംശത്തിനാണ് ഊന്നൽ നല്കിയതെന്നും ഓർക്കേണ്ടതുണ്ട്.

പണ്ടുകാലത്ത് 'കൂടെയതിന്നുള്ളതിലും' എന്നതിന് കൂടക്കുള്ളിലും, എന്നാണ് സാധാരണ കുട്ടികൾ അർത്ഥം മനസ്സിലാക്കിയിരുന്നത്. കുർബ്ബാനക്കിടയിൽ കൂടാരത്തിനും കൂടക്കും പ്രസക്തി എന്താണെന്നും അന്ന് ആലോചിച്ചുപോയിട്ടുണ്ട്. ഇപ്പോഴത്തെ കുട്ടികൾക്ക് 'കൂട' കണ്ടിട്ടില്ലാത്തതുകൊണ്ട് ആ പിശകുണ്ടാകുമെന്നു തോന്നുന്നില്ല. കുട്ടികളായാലും മുതിർന്നവകരായാലും 'കൂടെ' എന്നതിന് പകരം 'കൂട' എന്നു ചൊല്ലാതിരിക്കാൻ ശ്രദ്ധിക്കുക.

---

ഒരുതരത്തിലുള്ള നിർബന്ധങ്ങൾക്കോ, പ്രചാരണങ്ങൾക്കോ പ്രബോധനങ്ങളുടെ മാർഗ്ഗങ്ങൾക്കോ മോഹനമായ അവസ്ഥയിലേക്ക്- സ്നേഹത്തിലേക്ക്-ഒരാളെയും എത്തിക്കാനാവില്ല.

അതുകൊണ്ടാണ് ജിദ്ദു കൃഷ്ണമൂർത്തി ഇങ്ങനെ പറയുന്നത്. "സ്നേഹം ജീവിതത്തിലെ ഏറ്റവും ആപൽക്കരവും അനിശ്ചിതത്വപൂർണ്ണവുമായ ഒന്നത്രേ." ജീവിതം അനിശ്ചിതത്വത്തിലാകരുത് എന്ന്, അപകടകരമാകരുതെന്ന് നാം ആഗ്രഹിക്കുന്നു. അതുകൊണ്ട് നാം ജീവനറ്റ ഒരു മനസ്സുകൊണ്ട്, സ്നേഹമറ്റ കണ്ണുകൊണ്ട് ലോകത്തെ കാണുന്നു. സ്നേഹശൂന്യമായി തുടരുന്നു. സ്നേഹിക്കുന്നത് ആപത്കരമാണ്. നാമാരും ആപത്കരമായി ജീവിക്കാനാഗ്രിക്കാത്തതുകൊണ്ട്, കാര്യങ്ങൾ നേടാനായി ആഗ്രഹിക്കുന്നതുകൊണ്ട്, ഒരു സമുദായം വിധിച്ച ചട്ടക്കൂടിനുള്ളിൽ ജീവിക്കുകയാണ്. നാം തിരിച്ചറിയേണ്ട വസ്തുത ഇതാണ്. സ്നേഹത്തിനു മാത്രമേ ജീവിതത്തിൽ ക്രമവും സമാധാനവും ഉണ്ടാക്കാനാവൂ. ●

## വനിതാ സമാജവാർഷികം

പെരിയാമ്പ്ര സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയിലെ മർത്തമറിയം വനിതാസമാജം യൂണിറ്റ് വാർഷികയോഗം 2013 നവംബർ 10 ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് സന്ധ്യാ നമസ്ക്കാരത്തോടെ പള്ളിയകത്ത് ആരംഭിച്ചു. ഇടവക വികാരി ഫാ. എബ്രാഹാം കാരാമ്മേൽ അദ്ധ്യക്ഷത വഹിച്ചു. സീജാ റെജി സ്വാഗതം ആശംസിച്ചു. പരി. സഭയുടെ 'പെൺമയുടെ നന്മ' കർമ്മപദ്ധതിയുടെ ഭാഗമായി സ്ത്രീശാക്തീകരണത്തെക്കുറിച്ചുള്ള മുഖ്യപ്രഭാഷണം ഡോ. സിൽവി സേവ്യർ നിർവ്വഹിച്ചു. സ്ത്രീത്വത്തിന്റെ മാഹാത്മ്യം വിവരിച്ചുകൊണ്ട് ആരംഭിച്ച പ്രസംഗം സ്ത്രീശാക്തീകരണത്തിന് ഉപോൽബലകമാകത്തക്കവിധം ക്രൈസ്തവ വേദശാസ്ത്രത്തിൽ പുതിയ വ്യാഖ്യാനങ്ങളുടെ ആവശ്യകതയിലേക്കു കടന്നു. സഭയുടെ സ്ത്രീശാക്തീകരണ യത്നങ്ങൾ ഫലപ്രദമാകാൻ വേദശാസ്ത്ര അടിത്തറ ആവശ്യമാണെന്നും പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിലെ പല പരാമർശങ്ങളും പുതിയ വേദശാസ്ത്ര കാഴ്ചപ്പാടിൽ പഠിക്കേണ്ടതും വിലയിരുത്തേണ്ടതുമാണെന്നും ഡോ. സിൽവി അഭിപ്രായപ്പെട്ടു. മുഖ്യപ്രഭാഷണത്തോട് ജോർജുകുട്ടി രാമനാട്ട് പ്രതികരിച്ച് സംസാരിച്ചു. ഫാ. ഡോ. ജോൺ എർണ്ണ്യാകുളം വനിതാ സമാജത്തിന്റെ പ്രവർത്തന വിജയത്തിന് ആശംസകൾ നേർന്നു. യോഗത്തിൽ അടുത്തവർഷത്തേക്കുള്ള വനിതാ സമാജം യൂണിറ്റ് ഭാരവാഹികളുടെ തെരഞ്ഞെടുപ്പും നടക്കുകയുണ്ടായി. ഏറ്റവും നല്ല പ്രവർത്തനം കാഴ്ചവച്ച സമാജാംഗങ്ങൾക്ക് പുരസ്കാരങ്ങൾ നല്കി. ജിജി ജോൺസൺ കൃതജ്ഞത പ്രകാശിപ്പിച്ചു. പ്രാർത്ഥന, ആശീർവാദം എന്നിവയോടെ സമ്മേളനം സമാപിച്ചു. യോഗാനന്തരം അത്താഴവിരുന്നും ഉണ്ടായിരുന്നു.

## പെരുന്നാൾ ആഘോഷിച്ചു

പരി.പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ 111-ാം ശ്രാദ്ധപ്പെരുന്നാൾ 2013 നവംബർ 2,3 തീയതികളിൽ പാലക്കുഴ സെന്റ് ജോൺസ് ഓർത്തഡോക്സ് സുറിയാനി പള്ളിയിൽ ഭക്തിപൂർവ്വം ആഘോഷിച്ചു. കിഴക്കേ കവലയിലുള്ള സെന്റ് ഗ്രിഗോറിയോസ് ചാപ്പലിൽ ആദ്യ ദിവസം നടന്ന സന്ധ്യാപ്രാർത്ഥനക്കും വചന ശുശ്രൂഷക്കും ഭദ്രാസന മെത്രാപ്പോലീത്ത ഡോ.തോമസ് മാർ അത്താനാസ്യോസ് നേതൃത്വം നൽകി. രണ്ടാം ദിവസം വലിയ പള്ളിയിൽ നടന്ന വി.മൂന്നിന്മേൽ കുർബ്ബാനയിൽ പരി.ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ മുഖ്യകാർമ്മികത്വം വഹിച്ചു. വന്ദ്യരായ ശമുവേൽ റമ്പാൻ, കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ എന്നിവർ സഹകാർമ്മികരായിരുന്നു. ആരാധനാമദ്ധ്യേ പരി.ബാവ നടത്തിയ പ്രസംഗത്തിൽ മലങ്കര സഭയുടെ പ്രത്യേകതകളും പാരമ്പര്യങ്ങളും വിശദമാക്കി. കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിൽ പരി. കാതോലിക്കാ ബാവ പങ്കെടുക്കുന്ന ആദ്യത്തെ പെരുന്നാളായിരുന്നു ഇത്.

പെരുന്നാൾ ചടങ്ങുകൾക്ക് വികാരി ഫാ. ഷിബു കുര്യൻ, ഫാ. ഏലിയാസ് ചെറുകാട്, ഫാ. ദാനിയേൽ നെടുംപുറത്ത്, ഫാ. ഡോ.അഗസ്റ്റിൻ പുല്ലുകാലായിൽ, ഫാ. പൗലോസ് പടവെട്ടിൽ. ഫാ. വിജു ഏലിയാസ്, ഡീ. അനൂപ് ജോസഫ്, ഡീ.എബി പൗലോസ്, ട്രസ്റ്റി ഔസേഫ് മാരിക്കുടിയിൽ, സെക്രട്ടറി ജയിംസ് ജോർജ്ജ് ആനിപ്രയിൽ, അഡ്വ. ജോൺ വർഗീസ് വലിയകുളങ്ങര, സ്കറിയ ഈന്തലാംകുഴിയിൽ, സാജൻ മാത്യു വടക്കേക്കൂറ്റ് മുതലായവർ നേതൃത്വം നൽകി. തോട്ടത്തുകുന്നത്ത് ടി.വി. ഈപ്പനും കുടുംബാംഗങ്ങളുമാണ് പെരുന്നാൾ ഏറ്റുകഴിച്ചത്.

## മാനവശാക്തീകരണ വിഭാഗം ഉദ്ഘാടനവും സെമിനാറും

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാനവശാക്തീകരണ വുകപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 'പെണ്മയുടെ നന്മ' എന്ന കർമ്മപദ്ധതിയുടെ കണ്ടനാട് ഈസ്റ്റ് ഭദ്രാസനതല ഉദ്ഘാടനവും സെമിനാറും കൂത്താട്ടുകുളത്ത് 'മിസ്പ' സെന്റ് തോമസ് ഓർത്തഡോക്സ് സെന്ററിൽ വച്ച് നവംബർ 14 വ്യാഴാഴ്ച നടന്നു. ഭദ്രാസന മെത്രാപ്പോലീത്തയും സഭാ മാനവശേഷി വകുപ്പ് പ്രസിഡന്റുമായ അഭിവന്ദ്യ ഡോ.തോമസ് മാർ അത്താനാസിയോസ് തിരുമേനി സെമിനാർ ഉദ്ഘാനം ചെയ്തു. സഭാ മാനവ ശാക്തീകരണം ഡപ്യൂട്ടി സെക്രട്ടറി റവ.ഫാ. പി.എ.ഫിലിപ്പ് മുഖ്യപ്രഭാഷണം നിർവ്വഹിച്ചു. ഭദ്രാസന സെക്രട്ടറി റവ.ഫാ.എബ്രഹാം കാരാമേൽ, എച്.ആർ.ഡി. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ.ഷിബു കുര്യൻ, ശ്രീമതി ജിജി ജോൺസൺ , ഡോ.സെൽവി സേവ്യർ തുടങ്ങിയവർ പരിപാടിക്കു നേതൃത്വം നൽകി. സ്ത്രീകൾക്കെതിരെ വർദ്ധിച്ചുവരുന്ന അക്രമങ്ങളുടേയും ചൂഷണത്തിന്റേയും പശ്ചാത്തലത്തിൽ സ്ത്രീത്വത്തിന്റെ നന്മയും ശ്രേഷ്ഠതയും ആദരിച്ചുകൊണ്ടു നടന്ന ഈ സെമിനാർ ജനശ്രദ്ധ നേടി.


**ഗിലയാദ് മരിയൻ ധ്യാനകേന്ദ്രവും വയോഭവനവും**

**വടകര, കൂത്താട്ടുകുളം**

Ph: 9447417867, 9961636342

ജാഗരണ പ്രാർത്ഥന : എല്ലാ ആദ്യവെള്ളിയാഴ്ചയും 6 p.m. മുതൽ

വി. കുർബ്ബാന : ശനി 10. a.m., ഞായർ 7 a.m.

സൺഡേസ്കൂൾ : ഞായർ 8.30 a.m. മുതൽ 12 വരെ.

*വയോഭവനത്തിൽ സൗജന്യമായും അല്ലാതെയും* (Free and Paid) *പ്രവേശനം നൽകുന്നു*

RNI No. KERMAL/2012/46014
Reg. No. KL/ALY/0067/2013-2015 DIOCESAN BULLETIN Date of Publication 15-11-2013
Price Rs. 10/-

## OCYM മേഖലാ സമ്മേളനം

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ OCYM ന്റെ കൂത്താട്ടുകുളം, ഇടുക്കി മേഖലാ സമ്മേളനങ്ങൾ നടന്നു. കൂത്താട്ടുകുളം മേഖലയുടെ സമ്മേളനം ഒക്ടോബർ 13 ന് മിസ്പ സെന്ററിൽ നടന്നു. കൂത്താട്ടുകുളം മേഖലയിലെ പുതിയ ഭാരവാഹികളായി ജിതിൻ ജോസഫ് (ഓർഗനൈസിംഗ് സെക്രട്ടറി) എമിൽ ജോൺ (ഭദ്രാസന പ്രതിനിധി), ജോർജ്ജ് സൈമൺ (ട്രഷറർ), എൽസി മാത്യു (ജോ. സെക്രട്ടറി) എന്നിവരെയും ഇടുക്കി മേഖയിലെ സമ്മേളനം നവംബർ 11-ാം തീയതി ഇടുക്കി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. മേഖലാഭാരവാഹികളായി ജോമി പോൾ (ഓർഗനൈസിംഗ് സെക്രട്ടറി), അജു എം. ജേക്കബ് (ഭദ്രാസന പ്രതിനിധി), ബിജു പൗലോസ് (ട്രഷറർ), ജീന ജോയി (ജോ. സെക്രട്ടറി) എന്നിവരെയും തെരഞ്ഞെടുത്തു.

## മിസ്പ സന്ദർശിച്ചു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൂത്താട്ടുകുളെ മേഖലാ ആസ്ഥാനമായ മിസ്പ സഭാതലവൻ പരി.ബസേലിയോസ് മാർത്തോമ്മ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ 2013 നവംബർ 3-ാം തീയതി ഞായറാഴ്ച സന്ദർശിച്ച് പ്രാർത്ഥന നടത്തി. ഉച്ചക്ക് മുമ്പ് 11 മണിയോടെ എത്തിയ പരി.ബാവയ്ക്ക് മിസ്പാ പ്രവർത്തകർ ഭക്തി നിർഭരവും ഊഷ്മളവുമാവരവേല്പ് നൽകി. മേഖലാ കൺവീനർ ഫാ. മാത്യൂസ് ചെമ്മനാപാടം, കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, ഫാ. ജോയ് കടുംകുംമാക്കിൽ, സി. കെ. ഏലിയാസ്, എബി ജോൺ, ഗീവർഗീസ് വെള്ളാരംകുന്നേൽ, ജയിംസ് മറ്റത്തിൽ, എം.ജെ. രാജൻ, അനിയൻകുഞ്ഞ്, ആശ എൽദോ, ജിതിൻ കൊച്ചുപാറയിൽ എന്നിവർ സ്വീകരണത്തിനു നേതൃത്വം നൽകി. പരി.ബാവ സെന്ററിന്റെ പ്രവർത്തനങ്ങളിൽ സന്തോഷവും സംതൃപ്തിയും രേഖപ്പെടുത്തി.

## പഠനക്യാമ്പ് നടന്നു

കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ വൈദീകരുടെ ഏകദിനപഠനക്യാമ്പ് കൂത്താട്ടുകുളം മേഖലയുടെ ആസ്ഥാനമായ മിസ്പ (MISPA) യിൽ വച്ച് നവംബർ 14-ാം തീയതി 9.30 a.m. മുതൽ 1.00 p.m. വരെ നടത്തപ്പെട്ടു. പ്രസ്തുത പഠനക്യാമ്പിൽ പ്രായാധിക്യം ചെന്നവർക്കുള്ള ആരോഗ്യകരമായ വൈദീകശുശ്രൂഷ എന്ന വിഷയത്തിൽ ഫാ. എഡ്വേർഡ് ജോർജ്ജ് ക്ലാസ്സെടുത്തു. ഭദ്രാസനത്തിലെ മുഴുവൻ വൈദീകരും പഠനക്യാമ്പിൽ പങ്കെടുത്തു.

## കൂദാശ ചെയ്തു

കൂത്താട്ടുകുളത്തിനു സമീപം വടകരയിൽ സ്ഥിതി ചെയ്യുന്ന സന്തുല ട്രസ്റ്റ് ആശുപത്രിക്കുവേണ്ടി പണി തീർത്ത രണ്ട് പുതിയ വാർഡുകളുടെ കൂദാശാ കർമ്മം ട്രസ്റ്റ് പ്രസിഡന്റ് ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത 2013 നവംബർ 11-ാം തീയതി തിങ്കളാഴ്ച വൈകുന്നേരം 4 മണിക്ക് നിർവ്വഹിച്ചു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. എഡ്വേർഡ് ജോർജ്ജ്, ചാപ്ലെയിൻ ഫാ. പൗലോസ് സ്കറിയ എന്നിവർ സഹകാർമ്മികരായിരുന്നു. ട്രസ്റ്റ് വൈസ് പ്രസിഡന്റ് തോമസ് പുളിക്കീൽ, സെക്രട്ടറി എ.പി. സെൽവിൻ, ട്രഷറർ പി. ജെ. വർഗീസ് സന്തുലയിലെ ചീഫ് സൈക്യാട്രിസ്റ്റ് ഡോ. നിഷാദ് കോയ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ തദവസരത്തിൽ സന്നിഹിതരായിരുന്നു. അഭി. തിരുമേനി നടത്തിയ ആമുഖപ്രസംഗത്തിൽ എളിയരീതിയിൽ തുടങ്ങിയ സന്തുല ചുരുങ്ങിയകാലം കൊണ്ട് 150 ബെഡ്ഡുകളുള്ള ഒരു ആശുപത്രിയായി വളരുവാൻ കൃപ നൽകിയ ദൈവത്തെ സ്തുതിക്കുകയും അതിനുവേണ്ടി യത്നിച്ച ഭരണസമിതി അംഗങ്ങളേയും അഭ്യുദയകാംക്ഷികളേയും ജീവനക്കാരേയും അഭിനന്ദിക്കുകയും ചെയ്തു. പുതിയ വാർഡുകളുടെ ഔപചാരിക ഉദ്ഘാടനം വൈകാതെ ഉണ്ടാകുമെന്ന് സെക്രട്ടറി സെൽവിൻ അറിയിച്ചു. കൂദാശയ്ക്ക് ശേഷം മധുരപലഹാര വിതരണവും ഉണ്ടായിരുന്നു. പൂർണ്ണമായും ഗ്രേനിറ്റ് തറയോടുകൂടിയ പുതിയ വാർഡുകൾക്ക് 7000 അടി വിസ്തീർണ്ണമുണ്ട്.





Printed and Published by Fr. Abraham Karamel, Secretary, Kandanad Diocese, Bishop's House Muvattupuzha-686 661 Ph: 0485 2832401
Managing Editor : P.J. Varghese Ph:0485 2253209, Printed at St. George Printers, Muvattupuzha